# THE KUDUMBA DEEPAM.



Vol. VI.) October 1935. (No. 10.

## വിഷയവിവരം.

1. ചെറുപുഷ്പസ്തവം............................................ 289.
2. ജപമാല............................................ ,,
3. ഞായറാഴ്ച കത്തോലിക്കത്വവും കത്തോലിക്ക പ്രവൎത്തനവും.... 295.
4. വി. ബെൎണ്ണാർദ്ദിന്റെ നാള്ക്കൾ............................................ 298.
5. സ്നേഹരാജനായ യേശു............................................ 303.
6. ആൎക്കും സാധിക്കാവുന്ന ഒരു പ്രേഷിതവേല............................................ 308.
7. നിശ്ശബ്ദയാത്ര............................................ 313.
8. പൊതുനിയോഗം............................................ 319.
9. പുസ്തകാഭിപ്രായം............................................ ,,
10. കുറിപ്പുകൾ............................................ 320.

"ക്ഷമയാം തോണി കേറീട്ടു വിചാരത്തുഴ കുത്തി നീ
കുടുംബഭരണാംഭോധി സാവധാനം കടക്കുക."

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.
# ജാപ്പാനിസ് ദന്തവൈദ്യൻ.

എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമപല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശം കൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦.

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങിനെ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്താപം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള ദിവ്യൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.


പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ

---

# വിൽപ്പനക്കുള്ള ഇററാലിയൻ പടങ്ങൾ.

| | | | |
|---|---|---|---|
| $2\frac{1}{8}'' \times 3\frac{3}{4}''$ | എണ്ണച്ചായാപടം (വെട്ടുപടം) | 100-ന് | 1—0—0 |
| $2\frac{1}{2}'' \times 4\frac{1}{4}''$ | ടി. ടി. | ,, | 1—8—0 |
| ടി. | ടി. (മൂല ഉരുണ്ടതു്) | ,, | 1—10—0 |
| $2\frac{1}{2}'' \times 4''$ | Black with gilt edge | ,, | 7—0—0 |
| ടി. | Hand coloured with gilt edge | ,, | 8—0—0 |

ചെറുപുഷ്പമുദ്രാലയം, തേവര, എറണാകുളം.



വി. കൊച്ചുത്രേസ്യായും സഹോദരികളും.

*O Little Flower teach us,*
*And listen as we pray,*
*We are thy devoted clients,*
*Walking 'long thy "Little Way."*

*Thou art the "Little Flower,"*
*At the throne of Jesus laid,*
*Obtain for us our favor,*
*And send us Heavenly aid.*

# കുടുംബദീപം.

പുസ്തകം ൩ } ഒക്ടോബർ [illegible] { ലക്കം ൧൦


## ചെറുപുഷ്പസ്തവം.


(ശ്രീമാൻ ജോസഫ് പള്ളിപ്പാട്ടൻ, ഇടപ്പള്ളി.)


രാഗം അമൃതവാഹിനി — താളം ആദി.

("ആനന്ദം ദേവതേ" എന്ന വർണ്ണമട്ട്)

പല്ലവി.

പാവനസൂനമേ! — പരലോക താരമേ!
ശ്രീയന്ത്യേ!....................................വരദേ! (പാവന)

അനുപല്ലവി.

"യേശു" സർവ്വ സാക്ഷിതൻ— മാസൃതാനുഗ്രഹങ്ങളാൽ
ഭൂശവിഭാസിതമാമീ— ചെറുസുമമേ! ജയ! (പാവന)

ചരണം

1. "സ്നേഹമാകും സുഗുണം— സ്നേഹമൊന്നിനാൽത്തന്നേ—
വീട്ടുകയുള്ളു" വെന്നിമങ്ങളില, നിർമ്മലേ! (പാവന)
2. "പിന്നിൽ നിന്നിതെന്നമേ— പുണ്യമഹ മലരണി
മന്നിതിനേക" മെന്നരുളിയ ശ്രീമനസ്വിനീ— (പാവന)
3. മേദിനിയിതിൽപരം— വേദമിയലും മദ—
വേദമൊഴിച്ചനുഗ്രഹ— സൂനമരുളേണമേ! (പാവന)

## ജപമാല.

### ൧. ചരിത്രം.

ജപമാലാഭക്തിയുടെ ആരംഭകനും പ്രചാരകനും ഡൊമിനിക്കോസ് പുണ്യവാനാണെന്നു കത്തോലിക്കർ സാധാരണമായി വിശ്വസിച്ചുവരുന്നു. കാത്തോലിക്ക എൻസൈക്ലോപീ

ഡിയായിലെ ഒരു വിജ്ഞാനപ്രദമായ ലേഖനം ഈ അഭിപ്രായത്തെ ഖണ്ഡിച്ചിട്ടുണ്ടു്. ലേഖനകൎത്താവു ഒരു ഭാഗത്തു ഇപ്രകാരം പറയുന്നു: "എണ്ണുന്നതിനുള്ള ഒരു ഉപകരണമായി മണികളുടെ ഉപയോഗവും നൂററമ്പതു 'നന്മനിറഞ്ഞമറിയം' എത്തിക്കുന്ന പതിവും വി. ഡൊമ്മനിക്കോസിൻെറ കാലത്തിനു വളരെ മുമ്പുള്ളതാണെന്നുള്ളതിനു നമുക്കു അസന്ദിഗ്ദ്ധമായ തെളിവുകളുണ്ടു്. മാത്രമല്ല, ദൈവരഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കുന്ന സമ്പ്രദായം ആരംഭിച്ചതു് അദ്ദേഹത്തിൻെറ മരണശേഷം രണ്ടു ശതാബ്ദങ്ങൾ കഴിഞ്ഞിട്ടാണു്. ഡൊമ്മനിക്കോസു പുണ്യവാനാണു് ഇതിൻെറ ആരംഭകൻ എന്നു പറയുവാൻ എന്താണു് ഇനി ശേഷിച്ചിട്ടുള്ളതു?"

(ക) എണ്ണുന്നതിനുള്ള ഉപകരണങ്ങൾ.

ജപങ്ങളോ മററു സുകൃതകൃത്യങ്ങളോ പല പ്രാവശ്യം ആവൎത്തിക്കപ്പെടുമ്പോൾ അതിനെ കൃത്യമായി എണ്ണുന്നതിനു ഏതെങ്കിലും ഒരു ഉപകരണത്തെ ആശ്രയിക്കുക സാധാരണമാണല്ലൊ. പുരാതനകാലംമുതൽ നൂലിൽ കുരുക്കൾ കോൎത്തും ചരടിന്മേൽ കെട്ടുകൾ ഇട്ടും കല്ലുകൾ ഉപയോഗിച്ചും ഈ കൃത്യം നിൎവ്വഹിച്ചുവന്നു.

(ഖ) 'ആകാശങ്ങളിൽ ഇരിക്കുന്ന' നമസ്കാരം.

ചില സന്ന്യാസസഭകളിൽ, അതിലെ മരിച്ച അംഗങ്ങൾക്കുവേണ്ടി നൂററമ്പതു സങ്കീൎത്തനങ്ങൾ- സങ്കീൎത്തനപ്പുസ്തകം മുഴുവനും- സഭാംഗങ്ങൾ ജപിക്കണമെന്നു നിയമമുണ്ടു്. വായിക്കുവാൻ അറിഞ്ഞുകൂടാത്ത സഹോദരന്മാർ അതിനു പകരം 'ആകാശങ്ങളിൽഇരിക്കുന്ന' നമസ്കാരമോ മറെറാ എത്തിച്ചുവന്നു. കാലക്രമേണ 'പാത്തർനോസ്റ്റർസ' അഥവാ 'ആകാശങ്ങളിൽ ഇരിക്കുന്ന' എന്ന പേരിൽ അറിയപ്പെടുന്ന നൂലിൽ കോൎത്ത കുരുക്കൾ എണ്ണുന്നതിനുള്ള ഒരു ഉപകരണമായി സ്വീകരിച്ചുതുടങ്ങി. ചില യൂറോപ്യൻഭാഷകളിൽ ഇന്നും ഈ പേരു തന്നെയാണു് ഉപയോഗപ്പെടുത്തിവരുന്നതു്. പണ്ടു ഈ ഉപകരണങ്ങൾ ഉണ്ടാക്കി വിററുകൊണ്ടിരുന്ന ലണ്ടനിലെ ഒരു തെരു

വിന്നു ഇപ്പോഴും 'പാത്തർനോസ്റ്റർ റോ' എന്നാണ് പേർ.

ആരംഭകാലത്തു് 'നന്മനിറഞ്ഞ മറിയ'ത്തെക്കാൾ 'ആകാശങ്ങളിൽഇരിക്കുന്ന' നമസ്കാരം എണ്ണുന്നതിനാണ് മണികൾ ഉപയോഗപ്പെടുത്തിയിരുന്നതു. ആംഗ്ലോസാക്സൻ ഭാഷയിൽ മണികൾ (Beads) എന്നുപറഞ്ഞാൽ ജപങ്ങൾ എന്നാൎത്ഥമാകുന്നു. ഈ ധാതുതന്നെ ജൎമ്മൻഭാഷയിൽ ഈ അൎത്ഥത്തിൽ ഇന്നും ഉപയോഗത്തിൽ ഇരിക്കുന്നു.

(ഗ) നന്മനിറഞ്ഞമറിയം.

പന്ത്രണ്ടാം ശതാബ്ദത്തിന്റെ പൂൎവ്വാൎദ്ധംകഴിഞ്ഞതിൽ പിന്നെയാണ് 'നന്മനിറഞ്ഞമറിയം' പൊതുവിൽ ഉപയോഗിച്ചുതുടങ്ങിയതു്. ക്രമേണ അതിന് 'ആകാശങ്ങളിൽ ഇരിക്കുന്നോ'തിന്റെ സ്ഥാനം സാധാരണ പ്രാൎത്ഥനകളിൽ ലഭിച്ചു. സങ്കീൎത്തനങ്ങളുടെ സംഖ്യക്കു തുല്യമായി നൂറ്റമ്പതു പ്രാവശ്യം അതു ആവൎത്തിക്കപ്പെട്ടിരുന്നു. അഞ്ചും പത്തും പതിനഞ്ചും ദശകങ്ങളുള്ള സാധാരണ ജപമാലപോലെ സൌകൎയ്യത്തിനുവേണ്ടി ഈ വലിയതുകയെ അമ്പതുകളായിട്ടും ഈ അമ്പതുകളെ വീണ്ടും പത്തുകൾ അഥവാ ദശകങ്ങളായിട്ടും വിഭജിക്കപ്പെട്ടിരുന്നു. ഇക്കാരണത്താൽ അതു നമ്മുടെ മാതാവിന്റെ സങ്കീൎത്തനം അഥവാ ജപമാല എന്നു വിളിക്കപ്പെട്ടുന്നു. ഈ വിധത്തിലുള്ള ഭക്തി ദൊമ്മനീക്കോസ് പുണ്യവാന്റെ ജനനത്തിനു മുമ്പുള്ളതാകകൊണ്ടു് അതിന്റെ ആരംഭകൻ അദ്ദേഹമാണെന്നു പറഞ്ഞുകൂടാ.

(ഘ) ഈ സംഗതിയെക്കുറിച്ചു സൎവ്വസാധാരണമായ പാരമ്പൎയ്യത്തെ ഉപേക്ഷിക്കുന്നതിനുള്ള ഇതര കാരണങ്ങൾ.

വി. ദൊമ്മനീക്കോസ് തന്റെ കാലത്തുണ്ടായിരുന്ന പാഷണ്ഡികളുടെമേൽ ജപമാല ഉപയോഗിച്ചു അനിതരസാധാരണമായ വിജയം പ്രാപിച്ചിട്ടുണ്ടെന്നു ഒരു പാരമ്പൎയ്യമുണ്ടു്. ഇതു് വാസ്തവമാണെങ്കിൽ സമകാലിനന്മാരുടെ ലേഖനങ്ങളിലൊ, ചിത്രങ്ങളിലൊ, പ്രതിമകളിലോ ഇതിനെ സ്ഥാപിക്കുന്നതിനു ഏതെങ്കിലും രേഖകൾ കാണേണ്ടതായിരുന്നു. എന്നാൽ അ

ങ്ങിനെ ഒന്നും കാണുന്നില്ല. ഈ വിശുദ്ധന്റെ ആദ്യത്തെ ഒമ്പതു ജീവചരിത്രങ്ങളിലും ഈ സംഭവത്തെക്കുറിച്ചു ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. സമകാലീനന്മാരായ എഴുത്തുകാർ ഈ സംഭവം വിസ്മരിച്ചിരിക്കാൻ ഇടയില്ലല്ലോ. ഡൊമിനിക്കൊസ് പുണ്യവാനെ ജപമാലയോടു സംഘടിപ്പിച്ചതു് അദ്ദേഹത്തിന്റെ മരണാനന്തരം രണ്ടു ശതാബ്ദങ്ങൾക്കുശേഷമാണു്. ജപമാലാഭക്തി പ്രചുരപ്രചാരത്തിൽ വരുത്തുന്നതിനു വളരെ ശ്രമിച്ചിട്ടുള്ള അലൻഡിറൂപ്പി. (Alan de Rupe *circa* 1470-75) ൽ നിന്നാണു് ഈ പാരമ്പര്യത്തിന്റെ ഉത്ഭവം. മാത്രമല്ല രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം ആരംഭിച്ചതും നടപ്പിൽ വരുത്തിയതും ഒരു ഡൊമിനിക്കനല്ല, പ്രത്യുത ഒരു കാർത്തൂസ്യനാണു്

൪. ഡൊമിനിക്കൻ സഭക്കാരും ജപമാലയും.

ജപമാലയുടെ ഉത്ഭവവും അഭിവൃദ്ധിയും എങ്ങിനെയിരുന്നാലും അതിനെ പ്രചാരത്തിൽ വരുത്തുന്നതിനു ഡൊമിനിക്കൊസ് സഭക്കാരുടെ ശുഷ്കാന്തി വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതു് നിസ്തക്കമാണു്. ഈ സഭക്കാർക്കു അനേകം ദണ്ഡവിമോചനങ്ങളോടുകൂടിയ ഒരു പ്രത്യേക കൊന്തവെഞ്ചെരിപ്പുണ്ടു്. ഈ വെഞ്ചെരിപ്പു നൽകുന്നതിനുള്ള അധികാരം പ്രത്യക്ഷമായോ പരോക്ഷമായോ ഡൊമിനിക്കൊസ് സഭക്കാരുടെ പൊതുശ്രേഷ്ഠനിൽനിന്നു ലഭിച്ചിരിക്കേണ്ടതാണു്. ജപമാലാസഖ്യത സ്ഥാപിക്കാനുള്ള അധികാരം അദ്ദേഹത്തിൽ മാത്രമാണു് സ്ഥിതിചെയ്യുന്നതു.

൫. വെഞ്ചെരിപ്പും ദണ്ഡവിമോചനങ്ങളും.

നാം സാധാരണ ഉപയോഗിച്ചുവരുന്ന 'അമ്പത്തിമൂന്നുമണിജപം' കൊന്തക്കു നാലു പ്രധാന വെഞ്ചെരിപ്പുകൾ നൽകാവുന്നതാണു്. അവ അപ്പസ്തോലിക്, ബ്രിജിറ്റയൻ, ക്രോസിയർ, ഡൊമിനിക്കൻ എന്നിവയാകുന്നു.

(ക) അപ്പസ്തോലിക് വെഞ്ചെരിപ്പു്.

മാർപ്പാപ്പാ, ഭക്തവസ്തുക്കൾ ആശീർവ്വദിക്കുമ്പോൾ അനേക ദണ്ഡവിമോചനങ്ങളുള്ള അപ്പസ്തോലിക് വെഞ്ചെരിപ്പാണു്

ഉപയോഗിക്കുന്നതു്. പരിശുദ്ധ പിതാവു ഈ വെഞ്ചരിപ്പിനുള്ള അധികാരം മെത്രാന്മാൎക്കും അവർ വഴിയായി രൂപതയിലെ വൈദികൎക്കും നല്കുന്നുണ്ടു്.

(ഖ) ബ്രിജിററയൻ വെഞ്ചരിപ്പു്.

ബ്രിജിററയൻ ജപമാലക്ക, ശരിയായി പറയുകയാണെങ്കിൽ ആറു ദശകങ്ങളാണുള്ളതു്. നാം സാധാരണ ഉപയോഗിച്ചുവരുന്ന കൊന്തവഴിയായി അതിൽ ഒരു ഭാഗം ബന്ധവിമോചനംമാത്രമെ ലഭിക്കയുള്ളു. അതു കിട്ടുന്നതിനപോലും ഓരോ ദശകം കഴിയുമ്പോഴും ഓരോ വിശ്വാസപ്രമാണം എത്തിക്കണം. ഇങ്ങിനെ പ്രത്യേക വിധത്തിൽ ജപിക്കുന്നവർ വളരെ ചുരുക്കമാകയാൽ ചുരുക്കം പേൎക്കു മാത്രമെ ഈ ബന്ധവിമോചനം ലഭിക്കയുള്ളു.

(ഗ) ക്രോസിയർ വെഞ്ചരിപ്പു്.

ക്രോസിയർ വെഞ്ചരിപ്പു വഴിയായി കൊന്തയിലെ ഓരോ മണി ജപിക്കുമ്പോഴും അഞ്ഞൂർ ദിവസത്തെ ബന്ധവിമോചനം ലഭിക്കുന്നതാണ്. ഈ ബന്ധവിമോചനങ്ങൾ പ്രാപിക്കുന്നതിനു ഒരു ദശകം മുഴുവനും എത്തിക്കുന്നതിനൊ രഹസ്യങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നതിനൊ ആവശ്യമില്ല.

(ഘ) ഡൊമ്മനിക്കൻ വെഞ്ചരിപ്പു്.

മുകളിൽ പ്രസ്താവിച്ച വെഞ്ചരിപ്പുകളെല്ലാം ഒരു കരിശിന്റെ അടയാളംകൊണ്ടുമാത്രം സാധിക്കാവുന്നതാണ്. എന്നാൽ ഡൊമ്മനിക്കൻ വെഞ്ചരിപ്പിനു ഒരു പ്രത്യേക ജപമുണ്ടു്. ആ ജപം ഇപ്പോൾ വളരെ ചെറുതാക്കിയിരിക്കുന്നു. ഡൊമ്മനിക്കൻ ബന്ധവിമോചനങ്ങളെപ്പററി എഴുതുന്നതിനു ഒരു ചെറിയ പുസ്തകംതന്നെ വേണ്ടിവരും. ഈ ബന്ധവിമോചനങ്ങളെല്ലാം പ്രാപിക്കുന്നതിനു ജപമാലാസഖ്യത്തിൽ ചേൎന്നു ചില പ്രത്യേക വ്യവസ്ഥകൾ നിവ്വഹിക്കേണ്ടതാണ്. എന്നാൽ ഈ ബന്ധവിമോചനങ്ങളിൽ ചിലതു് സഖ്യതാംഗങ്ങളല്ലാത്തവൎക്കും പ്രാപിക്കാവുന്നതാണ്. നാം മൂന്നു സംഗതികൾ പ്രത്യേകം സൂക്ഷിക്കേണ്ടതായിട്ടുണ്ടു്.

(൭) ഈ ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനു രഹസ്യങ്ങളെക്കുറിച്ചു ധ്യാനിക്കുകയോ ചുരുങ്ങിയപക്ഷം രഹസ്യങ്ങളെ ചൊല്ലുകയോ ചെയ്യണം.

(൮) ഒരാൾ ജപമാല മറ്റുള്ളവരുടെ കൂട്ടത്തിൽ എത്തിക്കയാണെങ്കിൽ കൂട്ടത്തിലെ പ്രധാനിക്കു (ദേവാലയത്തിൽ വൈദികനോ, വീട്ടിൽ അമ്മയ്ക്കോ) ഡൊമ്മനിക്കൻ വെഞ്ചരിപ്പുള്ള ഒരു കൊന്തയുണ്ടായിരുന്നാൽ മതി. എന്നാൽ അതിൽ സംബന്ധിക്കുന്ന എല്ലാവർക്കും ഡൊമ്മനിക്കൻ ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

(൯) അപ്പസ്തോലിക്ക്, ക്രോസിയർ, ഡൊമ്മനിക്കൻ എന്നീ ദണ്ഡവിമോചനങ്ങളെല്ലാം, യഥാക്രമം നിയോഗം വെച്ചിട്ടുണ്ടെങ്കിൽ ഒരേ ചൊല്ലൽകൊണ്ടു ലഭിക്കുന്നതാണ്. ഇപ്രകാരം ജപമാല എത്തിക്കുന്നതു, തന്നത്താൻ ഒന്നും ചെയ്വാൻ ശക്തരല്ലാത്ത ശുദ്ധീകരാത്മാക്കളെ സഹായിക്കുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗമാകുന്നു.

൪. ജപമാലാമാസം.

പതിമ്മൂന്നാം ലെയോൻമാർപ്പാപ്പാ ൧൮൮൩-ലും അതിനു ശേഷവും ഒക്ടോബർമാസം, പ. ജപമാലാരാജ്ഞിയ്ക്കു സമർപ്പിക്കുവാൻ വിശ്വാസികളോടു ഉപദേശിക്കുകയുണ്ടായി. തിരുസ്സഭയുടെ പീഡനത്തിൽ ദൈവസഹായം യാചിക്കുന്നതിനാണ് ഈ പ്രത്യേക ഭക്തികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. ആ ആവശ്യം ഇന്നും ഉള്ളതുകൊണ്ടു തീക്ഷ്ണതാപൂർവ്വം എല്ലാവരും പ്രാർത്ഥിക്കേണ്ടതാണ്. ഒക്ടോബർ മാസത്തിലെ എല്ലാ ദിവസങ്ങളിലും ലോകത്തിലെ എല്ലാ ദേവാലയങ്ങളിലും ജപമാല ചൊല്ലണമെന്നു റീത്തുകളുടെ തിരുസംഘം പലപ്രാവശ്യം ഉദ്ബോധിപ്പിച്ചിട്ടുള്ളതാകുന്നു. ഈ പ്രാർത്ഥന, കുർബ്ബാന സമയത്തോ വൈകുന്നേരം പരസ്യമായി സ്ഥാപിച്ചിരിക്കുന്ന വി. കുർബ്ബാനയുടെ സന്നിധിയിലോ ജപിക്കാവുന്നതും ദിവ്യകാരുണ്യ വാഴ്വുകൊണ്ടു അവസാനിപ്പിക്കാവുന്നതുമാണ്.

## ഞായറാഴ്ച-കത്തോലിക്കരും
# കത്തോലിക്കാപ്രവൎത്തനവും. *

(എം. എൽ. ജെ.)

ഞായറാഴ്ച പ്രഭാതത്തിൽ മാത്രം കത്തോലിക്കരായിരിക്കുന്ന ഒരു കൂട്ടം ആളുകൾ നമ്മുടെ ഇടയിൽ ഒട്ടും കുറവല്ല. അവർ ഞായറാഴ്ചമാത്രം പള്ളിയിൽ പോകുകയും, പള്ളിയിൽനിന്നു വീട്ടിൽ വരുമ്പോൾ മുണ്ടുമാറുന്നതോടുകൂടി മതവും ഉപേക്ഷിക്കുകയും ചെയ്യുന്നു. എല്ലാ കാൎയ്യങ്ങൾക്കും ഓരോ പ്രത്യേക സ്ഥലവും കാലവുമുണ്ടെന്നും, അതുപോലെതന്നെ മതാനുഷ്ഠാനത്തിനും ഒരു പ്രത്യേക സമയവും സ്ഥലവും ഉണ്ടെന്നുമാണ് അവരുടെ വയ്പ്; മതത്തിനു, ഞായറാഴ്ചകാലത്തു പള്ളിക്കകത്തുമാത്രം. അവൎക്കു, അവരുടെ മതത്തെക്കുറിച്ചു ലജ്ജയില്ലെങ്കിലും മററുള്ളവരുടെ ശ്രദ്ധയ്ക്കു അതിനെ വിഷയീഭവിപ്പിക്കുവാൻ മനസ്സില്ല; ലോകകാൎയ്യങ്ങളും സാമുദായിക സംഗതികളുമായി അതിനെ കൂട്ടിച്ചേൎക്കുവാൻ തയ്യാറില്ല; ഇടവകയുടെ കാൎയ്യത്തിലും മററും ഇടപെടുവാൻ അവൎക്കു സാധിക്കയില്ല. അവരുടേയും അവരുടെ സ്നേഹിതന്മാരുടേയും കാൎയ്യത്തിൽമാത്രം ബദ്ധശ്രദ്ധാലുക്കളായിരിക്കുന്ന പ്രായോഗിക മനുഷ്യരാണ് അവർ. അതെ, അവരത്രെ ഞായറാഴ്ച-പ്രഭാത-കത്തോലിക്കർ.

ഞായറാഴ്ച പ്രഭാതകത്തോലിക്കത്വം ഒരു ദീനമാണ്. അതു ഒരുവക മതനിഷ്പക്ഷതയിൽനിന്നു കിളുൎത്തുണ്ടായി, കാലാന്തരത്തിൽ ശക്തി പ്രാപിച്ചു ഒരു ആത്മീയ മയക്കരോഗമാണ്. മററു രോഗങ്ങളെപോലെതന്നെ ഇതിനെയും ലക്ഷണംകൊണ്ടു തിരിച്ചറിയാം.

ഞായറാഴ്ചമാത്രമെ അവർ പള്ളിയിൽ പോകുകയുള്ളു; വാഴ്വും പ്രസംഗവും ഇല്ലാത്ത ഇടക്കുൎബാന ഉണ്ടെങ്കിൽ, അതേ കാണുകയുള്ളു; കാലത്തുള്ള കുൎബ്ബാനയോടു അനുബന്ധിച്ചാണ് വാഴ്വും പ്രസംഗവുമെങ്കിൽ, അവർ ഉച്ചയ്ക്കു വരികയുള്ളു; ഒരേ ഒരു കുൎബാന മാത്രമേ ഉള്ളുവെങ്കിൽ, പ്രസംഗം കഴിയുമ്പോ

---

* ഒരു അമേരിക്കൻ പത്രത്തിലെ ലേഖനത്തിന്റെ അനുകരണം.

ം മാത്രം പള്ളിയിൽ വന്നു ചേരത്തക്കവണ്ണമേ വീട്ടിൽനിന്നു പുറപ്പെടുകയുള്ളൂ; കുർബ്ബാനകഴിഞ്ഞാലുടനെ വാഴ്വിനു നില്ക്കാതെ കടന്നുകളയും; പള്ളിക്കു വരാന്തയുണ്ടെങ്കിൽ അവിടെയേ ഇരിക്കയുള്ളൂ; പള്ളിക്കകത്തു ഒരിക്കലും പ്രവേശിക്കയില്ല; വരാന്ത ഇല്ലെങ്കിൽ, ജനങ്ങൾക്കു അകത്തേക്കു കടക്കാൻ സൗകര്യം കൊടുക്കാതെ, പള്ളിവാതുക്കൽ ഉറച്ചിരിപ്പാകും; സുവിശേഷപ്രസംഗം കേൾക്കാൻ ഇടയായാൽ അതിനെ എപ്പോഴും വിമർശിക്കും; പള്ളിയുടെയും പള്ളിസ്കൂളിന്റെയും കത്തോലിക്കാപ്രവർത്തനത്തിന്റെയും കാര്യത്തിൽ വികാരി ഉൾക്കണ്ഠ പ്രദർശിപ്പിച്ചു പ്രസംഗിക്കുന്നതു അവർക്കു കണ്ണുകഠോരമാണ്; സ്നേഹിതന്മാരുമായുള്ള അനുദിനസംഭാഷണങ്ങളിൽ കത്തോലിക്കാ അല്മേനികൾക്കു സ്ഥാനംകൊടുക്കയെന്നതു, സാഹോദര്യത്തിനും സമത്വത്തിനും, ഹൃദയവിശാലതയ്ക്കും അന്തസ്സിനും, ഇന്നത്തെ നാഗരീകതയ്ക്കും, ജനരഞ്ജനയ്ക്കും അശേഷം യോജിക്കുന്നതല്ലെന്നാണ് വച്ചു്. മററുള്ള കത്തോലിക്കർ മതത്തെപ്പററി പരസ്യമായി സംസാരിക്കയും, മതാനുഷ്ഠാനം പരസ്യമായി ചെയ്യുകയും ചെയ്യുന്നതു കാണുന്നതുതന്നെ അവർക്കു ഹാസ്യമാണ്. അവരൊക്കെ കുള്ളന്മാരും, വഞ്ചകന്മാരും, കാപട്യക്കാരന്മാരുമാണെന്നു പറഞ്ഞു തങ്ങളുടെ നിലയെ നീതീകരിക്കും. അവരോ എന്നാൽ സാക്ഷാൽ യുക്തിയോടും കാര്യവിചാരത്തോടുംകൂടി പ്രവർത്തിക്കുന്ന മാന്യന്മാരാണെന്നാണ് ഭാവം. ഒരു ഓടിട്ട വലിയ വീടും, തറവാട്ടുകാരെന്നുള്ള പേരും, മാനമായി കാലംകഴിക്കാനും കുറേ കൂടുതലും സ്വത്തും ഉണ്ടെങ്കിൽ ധാരാളമായി. കുട്ടികളെ കത്തോലിക്കാസ്കൂളുകളിലെ അയയ്ക്കാവൂ എന്ന സഭാസിദ്ധാന്തം, കാലാനുസരണമല്ലാത്തതും, നിരർത്ഥകവും, ഹൃദയവിശാലതയുടെ അഭാവത്തിൽനിന്നുത്ഭവിച്ച ഒരു സങ്കുചിതമനോഭാവവുമാണെന്നു എവിടെയും കൊട്ടിഘോഷിക്കും. കത്തോലിക്കാ പത്രമാസികകളും ഗ്രന്ഥങ്ങളും അശേഷം രസമില്ലാത്തതും ചവറുകൊട്ടയിലെറിയേണ്ടതുമാകുന്നെന്നും എവിടെയും തുറന്നു പറയാൻ മടിയില്ല. "അല്ലാ നിങ്ങളും ഒരു കത്തോലിക്കനാണല്ലോ? ഞാൻ അ

റിഞ്ഞിരുന്നില്ലല്ലോ,'' എന്നു ആരെങ്കിലും ചോദിച്ചാൽ ഒരു പച്ചച്ചിരി ചിരിച്ചുകളയും.

ഈ സുഖക്കേടിനെയാണ് പരിശുദ്ധ പിതാവു "മാന്ദ്യവും തളർച്ചയും" എന്നു അരുളിച്ചെയ്തതു്. ഈ രോഗത്തിനു ഒരു പ്രത്യൗഷധമായിട്ടാണ്, അവിടുന്നു "കത്തോലിക്കാപ്രവർത്തനം" എന്ന പേരിൽ നിർദ്ദേശിച്ചു തന്നിട്ടുള്ളതു്.

കത്തോലിക്കാപ്രവർത്തനം എന്താണെന്നു ചോദിച്ചാൽ നമ്മുടെ ഞായറാഴ്ച കത്തോലിക്കൻ, "ഉവ്വ്! ഉവ്വ്! അതെ, കത്തോലിക്കാപ്രവർത്തനം; ശരി" എന്നു പറയും. "പക്ഷെ, അതെന്താണ്?" എന്നു വീണ്ടും ചോദിച്ചാൽ, "അതെ, ശരി; അതുതന്നെ. കത്തോലിക്കാപ്രവർത്തനംതന്നെ." എന്നു വീണ്ടും മറുപടി പറയും.

കത്തോലിക്കാപ്രവർത്തനം പ്രവൃത്തിയിലുള്ള വിശ്വാസമാണ്. അതു ഓരോകാര്യവും ചെയ്തുകൊണ്ടു ഇരിക്കുന്നു. ഒരാഴ്ചയിൽ ഏഴു ദിവസവും കത്തോലിക്കനായിരിക്കുന്നതാണ് ക. പ്രവർത്തനം. അതു മതത്തിനു അനുസരണമായി വിചാരിക്കയും സംസാരിക്കയും ചെയ്യുന്ന ഒരു സ്വഭാവവിശേഷമാണ്. ഞായറാഴ്ചക്കാലത്തു പള്ളിക്കകത്തുമാത്രമല്ല. പള്ളിക്കുപുറത്തും, വീട്ടിലും, തെരുവീഥികളിലും, അനുദിനജീവിതത്തിനും ഓരോ രംഗത്തിലും കത്തോലിക്കനായിരിക്കുന്നതാണ് ക. പ്രവർത്തനം.

"ഹെയ്, അതു ഇക്കാലത്തു നടപ്പില്ല. ഇന്നത്തെ കേരളത്തിൽ- കത്തോലിക്കാ ആദർശത്തിനും, ജീവിതത്തിനും വിരുദ്ധമോ, നിഷ്പക്ഷമോ ആയ വ്യക്തികളാൽ നാം ആവരണം ചെയ്യപ്പെട്ടിരിക്കുന്ന കേരളത്തിൽ- അതു ഒട്ടും സാദ്ധ്യമല്ല." എന്നു നമ്മുടെ ഞായറാഴ്ചക്കത്തോലിക്കൻ നെററി ചുളിച്ചു പറയും.

പക്ഷെ, ഈ സുഖക്കേടു മാറണമെങ്കിൽ ഈ "ക. പ്രവർത്തനകഷായം"തന്നെ വീണ്ടും മുടങ്ങാതെ സേവിക്കണം. ക. പ്രവർത്തനത്തിൻെറ സാരാംശംതന്നെയും വ്യക്തിപരമായ പ്രവൃത്തിയാണ്. അതു വിവിധ മനുഷ്യർക്കു വിവിധമാണ്. ഒരു മനുഷ്യനു അതു ഇടവകക്കാര്യത്തിൽ വികാരിയെ സഹായിക്കുന്നതായിരി

ക്കും; മറ്റൊരാൾക്ക്, തന്റെ ജീവിതരീതിയേയും, ഉദ്യോഗത്തേയും കത്തോലിക്കാജീവിതത്തിനു ഹാനികരമല്ലാത്ത വിധത്തിൽ ഭേദപ്പെടുത്തുകയായിരിക്കും; വേറൊരാൾക്കു ക. പ്രവൎത്തനം, തന്റെ കുട്ടികളെ ക. സ്കൂളിൽതന്നെ അയക്കുന്നതായിരിക്കും; ഇനിയും ഒരുത്തൎക്ക്, കത്തോലിക്കാ പത്രമാസികകളും ഗ്രന്ഥങ്ങളും ധാരാളമായി വായിക്കുകയും, വാങ്ങിക്കുകയും, സ്നേഹിതന്മാരുടെ ഇടയിൽ വിതരണം ചെയ്യുന്നതുമായിരിക്കും ക. പ്രവൎത്തനം. മാസാദ്യവെള്ളിയാഴ്ചതോറും പരി. കുൎബ്ബാന ഉൾക്കൊള്ളുന്നതും, ആരാധനയിൽ സംബന്ധിക്കുന്നതും, വീട്ടിൽ രാത്രിയാരാധന നടത്തുന്നതും, അനുദിനം കുൎബ്ബാന കാണുന്നതും, വൈകുന്നേരം പരി. കുൎബ്ബാനയ്ക്കു 'വിസീത്ത കഴിക്കു'ന്നതും ഓരോ ക പ്രവൎത്തനംതന്നെ. പ്രായോഗികമായി പലൎക്കും യോജിക്കുന്ന ഒരു ക. പ്രവൎത്തനമാണ്, ഏതെങ്കിലും ഒരു കത്തോലിക്കാസമാജത്തിന്റെ സജീവാംഗമായിരിക്കുക എന്നുള്ളതു്.

ഇങ്ങിനെ ഏതെങ്കിലും ഒരു പ്രകാരത്തിൽ മരുന്നുസേവിക്കാതെ ഞായറാഴ്ച- പ്രഭാത- കത്തോലിക്കരെ എന്ന "മാന്ദ്യവും തളൎച്ചയും," സുഖപ്പെട്ടുകയില്ല. മരുന്നു മനഃപൂൎവ്വം സേവിക്കാതെയും, ദീനം സുഖപ്പെടാതെയും പഴയപടിതന്നെ ഇനിയും ഞായറാഴ്ച കത്തോലിക്കരായിരിക്കാനാണ് ഭാവമെങ്കിൽ, വി. പത്രോസ് അവരെ ആഴ്ചയിലൊരിക്കൽ മാത്രം- അതും പത്തുമണിമുതൽ പതിനൊന്നു മണിവരെമാത്രം സ്വൎഗ്ഗദേവാലയത്തിൽ പ്രവേശിപ്പിക്കുകയുള്ളൂ എന്നും - മററു സമയങ്ങളിൽ ബഹിഷ്കരിക്കുമെന്നുള്ളതും തീൎച്ചയാണ്.

---

# വി. ബൎണ്ണാൎദ്ദിന്റെ നായ്ക്കൾ.

(റവ. ജേക്കബ് കല്ലറക്കൽ, മംഗലപ്പുഴ)

ഇറ്റാലി, സ്വിറ്റ്സർലണ്ട് ഈ രാജ്യങ്ങളുടെ അതിൎത്തിപ്രദേശത്തായി, ജെനിവാതടാകത്തിന്റെ തെക്കുകിഴക്കു ഭാഗത്തു, 'വി. ബൎണ്ണാൎദ്ദിന്റെ ചുരം' എന്നറിയപ്പെടുന്ന ഒരു ഇടു

ങ്ങിയ വഴി സ്ഥിതിചെയ്യുന്നുണ്ട്. ഏതന്മാർഗ്ഗേണ സ്വിററ്സർലണ്ടിൽനിന്നു ഇററലിയിലേക്ക പ്രാധാന്യമേറിയതും, എന്നാൽ ഗതാഗതസൌകര്യം നന്നേ കുറവായതുമായ ഒരു റോഡുമുണ്ട്. പൂർവ്വകാലങ്ങളിൽ, അനേകമായിരം ജനങ്ങൾ നിരവധി ക്ലേശങ്ങൾ സഹിച്ചു, അഹമഹമികയാ ഈ വഴിയെ യാത്രചെയ്തിരുന്നു. വാഹനങ്ങളും ഗതാഗതസൌകര്യങ്ങളും അഭിവൃദ്ധിപ്പെട്ടുവരുന്ന ഇദാനീന്തനകാലത്തുപോലും, പ്രതിവർഷം ഉദ്ദേശം ൨൦൦൦൦ പേരോളം ഇടുങ്ങിയ ഈ മലംപ്രദേശത്തെ തരണംചെയ്യുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

എന്നാൽ ഇപ്പോഴും ഇവർ തങ്ങളുടെ ജീവൻ പണയം വെച്ചുകൊണ്ടാണ് ക്ലേശഭൂയിഷ്ഠവും ദുർഘടവുമായ ഈ മാർഗ്ഗം തരണംചെയ്യുന്നതെന്നുള്ളതിനു പ്രതിപക്ഷമില്ലാ. ഇതിൻെറ കാരണം, ഔന്നത്യമേറിയതും കിഴുക്കാംതൂക്കായതുമായ ഈ പ്രദേശത്തു സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന അത്യുഗ്രമായ ശൈത്യബാധയും, ഉഷ്ണാഭാവത്താൽ ഒരിക്കലും ദ്രവിക്കാതെ കിടക്കുന്ന ഹിമസംഹതികളുമാണ്. ഈ വഴിയെ യാത്രചെയ്യാൻ ഇടയാകുന്ന ഒരു യാത്രക്കാരൻ ഒന്നുകിൽ സദാ വർഷിച്ചുകൊണ്ടിരിക്കുന്ന ഹിമനിപാതത്തിൽ അകപ്പെട്ടോ, അല്ലെങ്കിൽ അവിടവിടെയായി അസാമാന്യ വലിപ്പത്തിൽ കാണപ്പെടുന്ന ഹിമക്കൂട്ടങ്ങളാൽ മാർഗ്ഗഭ്രംശംവന്നോ, അതല്ലെങ്കിൽ കിഴുക്കാംതൂക്കായ പർവ്വതശൃംഗങ്ങളിൽനിന്നു അഗാധത്തിലേക്ക് നിപതിച്ചോ അപമൃത്യുവടയുമെന്നുള്ളതു തീർച്ചയാണ്. ഇതിലുമുപരിയായി, സദാ അന്തരീക്ഷത്തിൽകൂടി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ശീതവായുവിൻെറ അസഹനീയതമൂലം യാത്രക്കാർ ഈ മാർഗ്ഗത്തെ സുരക്ഷിതമായി തരണംചെയ്യുക എന്നുള്ളതു ക്ഷിപ്രസാദ്ധ്യവുമല്ല.

ഈദൃശ പരിതസ്ഥിതികളെല്ലാം മനസ്സിലാക്കിയ വി. ബർണ്ണാർഡ് ഏതൽപരിഹരണാർത്ഥം ക്രിസ്ത്വാബ്ദം 960-ൽ ഇവിടെ ഒരു സന്ന്യാസാശ്രമവും അതിനോടനുബന്ധിച്ചു ഒരതിഥിമന്ദിരവും പണികഴിപ്പിച്ചു. ഈ ആശ്രമം ഇപ്പോഴത്തെസ്ഥിതിയിൽ, ഉത്തുംഗശൃംഗത്തിൽ അതിമനോഹരമായി നിലകൊള്ളുന്ന ഒരു

മൂന്നുനില കെട്ടിടമാണു്. നവീന രീതിയിൽ പണികഴിപ്പിച്ചിരിക്കുന്ന അതിഥിമന്ദിരമാകട്ടെ 4000 അതിഥികൾക്കു് താമസിക്കത്തക്ക സ്ഥലസൌകര്യവും മററു സജ്ജീകരണങ്ങളുമുള്ളതാണു്. ഏതാദൃശ അതിഥിസല്ക്കാരത്തിനായി കൊല്ലംതോറും വേണ്ടിവരുന്ന 8000 ഫ്രാങ്കും പരോപകാരതല്പരന്മാരായ ജനങ്ങളിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയുള്ള സന്യാസികളുടെ പ്രഥമവും പ്രധാനവുമായ ജോലി, ക്ലേശസമ്പൂർണ്ണവും അപായകരവുമായ ഈ വഴിയെ യാത്രചെയ്വാൻ ഇടയാകുന്ന സാധുയാത്രക്കാരെ സർവ്വപ്രകാരേണ സഹായിക്കുകയും, അവരെ യഥാവിധി സല്ക്കരിക്കുകയും ചെയ്ക എന്നുള്ളതാണു്. തദുദ്ദേശസാദ്ധ്യാർത്ഥം ഇവർ നാനാവിധ പ്രവൃത്തിപദ്ധതികളിൽ വ്യാപൃതരായിരിക്കുന്നു. അധിക ഹിമവർഷമുള്ള ദിവസങ്ങളിൽ, ഇവർ ആശ്രമത്തിലെ വലിയ മണി കൂടക്കൂടെ അടിച്ചുകൊണ്ടിരിക്കയും, തന്മൂലം യാത്രക്കാർ വഴിതെററിപ്പോകാതെ ആശ്രമത്തെ അഭയംപ്രാപിക്കയും ചെയ്യുന്നു. അതേ സമയംതന്നെ ആശ്രമസ്ഥർ പുറപ്പെട്ടു അപകടത്തിൽപെട്ട യാത്രക്കാരെ അന്വേഷിച്ചു സഞ്ചരിക്കുകയായി. സ്വാർത്ഥപരിത്യാഗികളായ ഈ യതിവര്യന്മാർ സ്വജീവനെ തൃണവൽഗണിച്ചു സ്വസഹോദരസംരക്ഷണാർത്ഥം ജാഗ്രതയോടുകൂടി ഇറങ്ങിപ്പുറപ്പെടുന്നതു ഏതൊരുവനേയും പുളകിതഗാത്രനാക്കി ചമയ്ക്കുന്ന ഒന്നാണു്.

എന്നാൽ ഏവംവിധമുള്ള വീരകൃത്യത്തിനു ഇവർതന്നെയല്ലാ 'കച്ചകെട്ടി'യിറങ്ങുന്നതു്. പ്രത്യുത ജനനാൽ ശൂരന്മാരും സുശിക്ഷിതരുമായ 'വി. ബർണ്ണാട്ടിൻെറ നായ്ക്കൾ' എന്നറിയപ്പെടുന്ന പട്ടികളും സന്യാസികളോടുകൂടി പുറപ്പെടുന്നു. നായ്ക്കൾ ത്വരിതഗതിയിൽ പുറപ്പെട്ടു്, ഗംഭീരസ്വരത്തിൽ കുരച്ചുകൊണ്ടു്, ഏതുവിധേനയെങ്കിലും അപകടസ്ഥനായ മനുഷ്യനെ കണ്ടുപിടിക്കുന്നു. സാധാരണയായി ഈ സാധു മഞ്ഞുകട്ടകളാൽ മൂടപ്പെട്ടു്, ദേഹമാസകലം മരവിച്ചു്, മൃതപ്രായനായി കിടക്കുന്നതായിട്ടായിരിക്കും കാണുക. ഇത്തരുണത്തിൽ മനുഷ്യബുദ്ധിയേക്കൂടി അതിശയിക്കുമാറു് ഈ നായ്ക്കൾ സ്വജിഹ്വാഗ്രങ്ങ

ളാൽ ആ വ്യക്തിയെ മാദ്ദവമായി താലോടുകയും, താമസംവിനാ അവൻെറ ദേഹത്തിൽ പുരണ്ടിരിക്കുന്ന മഞ്ഞ് നക്കിക്കളയുകയും ചെയ്യുന്നു. അനന്തരം മരവിച്ച അവൻെറ ദേഹം സ്വശരീരസ്പൎശത്താൽ ചൂടുപിടിപ്പിക്കയും, അങ്ങനെ കേവലം മൃതപ്രായനായിരുന്ന ആ മനുഷ്യനെ ചൈതന്യമുള്ളവനാക്കിത്തീർക്കുകയും ചെയ്യുന്നു. ബോധമുണ്ടായി എന്നുകണ്ടാൽ, നായ് അതിൻെറ കഴുത്തിൽബന്ധിച്ചു സൂക്ഷിച്ചിരിക്കുന്ന ഭക്ഷണപദാൎത്ഥങ്ങൾ ഉപയോഗിക്കുന്നതിനു ആഗ്രഹംമൂലം അവനെ അനുവദിക്കയായി. ഇതേസമയംതന്നെ മററു നായ്ക്കൾ, അടുത്തെങ്ങാനും അന്വേഷണത്തിൽ ബദ്ധശ്രദ്ധരായിരിക്കുന്ന സന്യാസികളുടെ ശ്രദ്ധയെ ആകൎഷിക്കത്തക്കതരത്തിൽ കരച്ചുകൊണ്ടിരിക്കും. തൽക്ഷണം അടുത്ത പ്രദേശത്തുനിന്നും, എങ്ങിനെയെങ്കിലും സന്യാസികൾ അവിടെ വന്നുചേരും. എന്നാൽ ഇതും സാധിച്ചില്ലെങ്കിൽ നായ്ക്കളിൽ ഒന്നു വായുവേഗേന പാഞ്ഞെത്തി ആശ്രമസ്ഥരെ വിവരം ഗ്രഹിപ്പിക്കയും, അവർ ഉത്തരക്ഷണത്തിൽ സ്ഥലത്തെത്തുകയും ചെയ്യുന്നു. ആപത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രസ്തുത വ്യക്തിയെ അതിൽനിന്നും വിമുക്തനാക്കി കഴിഞ്ഞാലുടൻ, അവർ യഥാവിധി വേണ്ട പ്രഥമ ശുശ്രൂഷകളെല്ലാം നടത്തുകയും, താമസിയാതെ ആ സാധുവെ തങ്ങളുടെ ചുമലിൽ വഹിച്ച്, അതിഥിമന്ദിരത്തിലേക്ക് കൊണ്ടുപോകയും ചെയ്യുന്നു. അവിടെ, പ്രകൃത്യാ ദീനദയാലുക്കളായ ഇവർ അവനെ യഥാൎഹം പരിചരിക്കുകയും, പൂൎവ്വവൽ അരോഗദൃഢഗാത്രനാക്കി അവൻെറ വഴിക്കയക്കുകയും ചെയ്യുന്നു.

എന്നാൽ അപ്രകാരമുള്ള വീരപരസ്നേഹത്തിനു ഇവർ തങ്ങളെത്തന്നെ സമൎപ്പിക്കുന്നതു്, സ്വപ്രാണനെ, ദീനദയാലുത്വമൂൎത്തീകരണവും പരസ്നേഹമണിമകുടവുമായ ക്രിസ്തുവിനുവേണ്ടി ബലികഴിക്കാൻ തയ്യാറാക്കിക്കൊണ്ടാണെന്ന് നിസ്സന്ദേഹം പറയാവുന്നതാണു്. എന്തെന്നാൽ “പരോപകാരാൎത്ഥമിദംശരീരം” എന്ന തത്വം ജീവിതപരമോദ്ദേശമാക്കിയിരിക്കുന്ന ഇവർ ഹിമാവൃതവും സഞ്ചാരസൌകൎയ്യം അശ്ശേഷം ഇല്ലാത്തതുമായ പൎവ്വ

ന്ത്യാഗങ്ങളിൽ വെച്ച് പലപ്പോഴും അകാലമരണം കൈവരിക്കേണ്ടതായി വരുന്നുണ്ട്. വിശിഷ്യ, ഇരുപത്തു വയസ്സിൽ താഴെയുള്ളവർക്ക് മാത്രമെ ഈ ആശ്രമത്തിൽ പ്രവേശനം അനുവദിച്ചിട്ടുള്ളൂ എങ്കിലും, ഇങ്ങനെയുള്ള ഒരു യുവസന്യാസിക്കു അതിപ്രയത്നത്താലും, കാലാവസ്ഥയുടെ വൈപരീത്യത്താലും, ൧൫ കൊല്ലത്തിലധികം ജീവിതം തുടർന്നുകൊണ്ടുപോവാൻ സാധിക്കുന്നില്ലെന്നുള്ളതു ഒരു വാസ്തവമാണ്. എന്നാൽ ഏതാദൃശങ്ങളായ സകല പ്രതിബന്ധങ്ങളെയും ദൂരതഃ പരിവർജ്ജിച്ച് ഇവരെ സന്തോഷപുരസ്സരം ഈ ആശ്രമഭിത്തികൾക്കുള്ളിലേക്കു നയിക്കുന്നതിൽ അടങ്ങിയിരിക്കുന്ന രഹസ്യം എന്തായിരിക്കാം? ഇവിടെ ജീവിതസർവ്വസ്വം സാധുജനസംരക്ഷണാർത്ഥം വിനിയോഗിക്കുന്നതിനു ഇവരെ പ്രേരിപ്പിക്കുന്നതു് എന്തായിരിക്കാം? ഇതു മറ്റൊന്നുമല്ല പിന്നെയോ, പ്രതാപവിധിദിവസത്തിൽ ക്രിസ്തു തന്റെ ദക്ഷിണഭാഗത്തിൽ നിലകൊള്ളുന്ന നീതിമാന്മാരോടു ഉച്ചരിക്കുന്ന ആ മധുരഭാഷണത്തിന്റെ, അതെ, "നിങ്ങൾ ഈ ചെറിയവരിൽ ഒന്നിനുവേണ്ടി ചെയ്യുന്നതു എനിക്കുവേണ്ടി ചെയ്തു" എന്ന സ്നേഹവചനത്തിന്റെ അർത്ഥമാഹാത്മ്യം ഇവർ മനസ്സിലാക്കുന്നതുകൊണ്ടുതന്നെയായിരിക്കണം.

ഇവരുടെ ഈ സാധുസംരക്ഷണത്തിൽ സഹകരിക്കുന്ന സാധുനായ്ക്കളും ചിലപ്പോൾ അപമൃത്യുവിന്നധീനരാകാറുണ്ട്. ഇവയിൽ 'ബാറെ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു നായുടെ കാര്യം പ്രത്യേകം പ്രസ്താവാർഹമാണ്. അതീവബുദ്ധിശാലിയും, അതേ സമയംതന്നെ മനുഷ്യസ്നേഹിയുമായിരുന്ന ഈ ജീവിക്കു തന്റെ ചുരുങ്ങിയ ജീവിതപരിധിക്കുള്ളിൽ, അപകടസ്ഥരായ ൪൦ പേരെ ആസന്നമൃത്യുവിൽനിന്നും രക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ 'ബാറെ' ൪൧-ാമത്തെ പ്രാവശ്യം ഒരു യാത്രക്കാരനെ രക്ഷിക്കുവാൻ ഓടി അടുത്തു. എന്നാൽ ഹാ കഷ്ടം! യദൃച്ഛയാ ഭയവിഹ്വലനായിത്തീർന്ന ആ മനുഷ്യൻ, വല്ല വന്യമൃഗമായിരിക്കാം എന്നു വെച്ച് സാധുജന്തുവിന്റെ നേരെ വെടിവെച്ചു. നിരപരാധിയായ നായ് നിലം പതിച്ച്, മൃതിയടഞ്ഞു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ നായുടെ സ്മരണയെ ശാശ്വതീകരിക്കുന്നതിനായി, ആശ്രമത്തിൽ നിന്നും പ്രസ്തുത സ്ഥലത്തു ഒരു സ്മാരകസ്തംഭം പണികഴിപ്പിച്ചിട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

# സ്നേഹരാജനായ യേശു.

(റവ. ഫാദർ. സെറാഫിൻ ബെനഡിക്ററ്.)

## സിംഹാസനാരോഹണവും, അതിൻെറ ഉത്ഭവവും.

യേശുവിൻെറ പരിശുദ്ധതമമായ ഹൃദയം വിജയിപ്പൂതാക! അങ്ങേസാമ്രാജ്യം സമാഗമിക്കട്ടെ!

ക്രിസ്ത്വബ്ദം 1907-ലായിരുന്നു ഫാദർ മതെയോ ആരോഗ്യഹീനത നിമിത്തം തൻെറ ശ്രേഷ്ഠന്മാരാൽ അമേരിക്കയിൽനിന്നു യൂറോപ്പിലേക്കു അയക്കപ്പെട്ടതു്. ശമനസാദ്ധ്യമല്ലെന്നു ഡോക്ടർമാരാൽ വിധിക്കപ്പെട്ട ഒരു മഹാരോഗം ബാധിച്ചിരുന്ന ഒരുവനായിരുന്നു അദ്ദേഹം. അത്ഭുതാവഹമായ രോഗശാന്തിയുണ്ടാകണമെന്നുദ്ദേശിച്ചല്ല, പ്രത്യുത, യേശുവിൻെറ ദിവ്യഹൃദയത്തോടു പൂർവ്വാധികം ഉജ്ജ്വലതമായ സ്നേഹവും ഒരു നന്മരണഭാഗ്യവും യാചിച്ചു വാങ്ങണമെന്നുള്ള അഭിവാഞ്ഛയോടുകൂടെയത്രെ അദ്ദേഹം പാരെലെമോണിയലിനെ സന്ദർശിച്ചതു്. എങ്കിലും അദ്ദേഹം യേശുവിൻെറ പലപ്പോഴായുള്ള പ്രത്യക്ഷദർശനങ്ങളാൽ പരിപാവനമാക്കി ചെയ്യപ്പെട്ടിരുന്ന ആ കപ്പേളയിൽ മുട്ടുകുത്തിയതോടുകൂടി പെട്ടെന്നു പൂർണ്ണസുഖലബ്ധനായിത്തീർന്നു. അപ്പോൾ അദ്ദേഹത്തിനുണ്ടായ അനുഭൂതിയെന്തെന്നു അദ്ദേഹത്തിനുതന്നെ വിവരിച്ചുപറയാനസാദ്ധ്യമാണ്. ദിവ്യസ്നേഹം അദ്ദേഹത്തിൻെറ ഹൃദയത്തെ മുറിപ്പെടുത്തുകതന്നെ ചെയ്തിരിക്കണം. എന്തുകൊണ്ടെന്നാൽ അന്നു വൈകുന്നേരംതന്നെ അദ്ദേഹം തിരുമണിയാരാധനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ, ഇന്നു അനുഷ്ഠിക്കപ്പെട്ടുവരുന്ന കുടുംബപ്രതിഷ്ഠാപനത്തെക്കുറിച്ചുള്ള സമസ്തകാര്യങ്ങളും ഈശോയുടെ ദിവ്യഹൃദയം അദ്ദേഹത്തിനു വെളിപ്പെടുത്തി; അതേ, ഇന്നത്തെ ഭയങ്കര തിന്മകളിൽനിന്നു- അന്ധശക്തികളുടെ അതിഘോരമായ ആക്രമണങ്ങളിൽനിന്നു- വ്യക്തികളെയും കുടുംബങ്ങളെയും സമുദായങ്ങളെയും സാമ്രാജ്യങ്ങളെയും സമഗ്രമായി സമുദ്ധരിക്കുവാൻ സമർത്ഥമായ സൽപഥത്തെ അദ്ദേഹത്തിനു വെളിപ്പെടുത്തി.

പ്രസ്തുത നിവേശനത്താൽ പ്രേരിതനായി അദ്ദേഹം, അ

ന്നത്തെ വൈദികപരമാധ്യക്ഷനായ 10-ാം പിയൂസ് പാപ്പായെ കണ്ടു തൻെറ വേലയ്ക്കു അനുമതി ചോദിക്കുവാനായി റോമായിലേയ്ക്കു യാത്രതിരിച്ചു. പരിശുദ്ധപിതാവു അദ്ദേഹത്തിൻെറ പ്രവൃത്തി പരിപാടി ഗ്രഹിച്ചിട്ട് "ഇല്ല, എൻെറ മകനേ, ഞാൻ നിനക്കു അനുമതി നൽകുന്നില്ല" എന്നാണു് മറുപടിപറഞ്ഞത്. എന്നാൽ ഫാദർ മത്തേഓ വീണ്ടും അപേക്ഷിച്ചു. "പരിശുദ്ധപിതാവേ, സ്നേഹത്തെയും സ്നേഹസാമ്രാജ്യത്തെയുംകുറിച്ചു പ്രസംഗിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു; ഈ ജോലിക്കാണു് ദൈവം എന്നെ വിളിക്കുന്നതെന്നും, ഇതാണു് ഈശോയുടെ തിരുഹൃദയം എന്നിൽനിന്നു പ്രതീക്ഷിക്കുന്നതെന്നും ഞാൻ വ്യക്തമായി അറിയുന്നു." "എൻെറ മകനേ, ഇല്ല, ഞാൻ അനുവദിക്കുന്നില്ല" എന്നായിരുന്നു പത്താം പിയൂസ് പാപ്പാ വീണ്ടും നൽകിയ മറുപടി.

ഫാദർ മത്തേഓ വല്ലാതെ പരിഭ്രമിച്ചു. പുണ്യനിധിയായ പത്താംപിയൂസിൻെറ മുഖത്തേയ്ക്കു അദ്ദേഹം ആശ്ചര്യപൂർവ്വം നോക്കി. അപ്പോൾ ആ തിരുമേനി പറഞ്ഞു: "എൻെറ മകനേ, നീ എൻെറ അനുവാദം ചോദിക്കുന്നു. 'ഇല്ല' എന്നു ഞാൻ മറുപടിയും പറയുന്നു. ഭൂമിയിൽ യേശുക്രിസ്തുവിൻെറ പ്രതിപുരുഷൻ എന്ന നിലയിൽ ഞാൻ നിന്നോടു കല്പിക്കുന്നു. നീ ലോകത്തിലെങ്ങും സഞ്ചരിച്ചു പ്രസംഗിക്കയും, സുവിശേഷത്തെ പ്രഘോഷിക്കയും, നിൻെറ ഈ വേലയെ സർവ്വത്ര പ്രചരിപ്പിച്ചു കുടുംബങ്ങളുടെയെല്ലാം തിരുമണ്ഡപത്തെ ഈശോയുടെ ദിവ്യഹൃദയത്തിനുവേണ്ടി പിടിച്ചടക്കുകയും ചെയ്യണം."

ഇങ്ങിനെ അദ്ദേഹത്തിൻെറ ഈ പ്രേഷിതവൃത്തി, വൈദികപരമാധ്യക്ഷനാൽത്തന്നെ സാഘോഷം അനുവദിക്കപ്പെട്ടതോടുകൂടി ഫാദർ മത്തേഓ മറെറാരു വി. പൗലോസിനെപ്പോലെ ആത്മീയ ദിഗ്വിജയത്തിനായി പുറപ്പെട്ടു. അദ്ദേഹം, യേശുവിൻെറയും മറിയത്തിൻെറയും ഹൃദയങ്ങളുടെ സഖ്യത്തിൽപ്പെട്ട ഒരാളാകയാൽ, സ്നേഹചൈതന്യത്താലും, പരപാപപരിഹാരപ്രകാരതൃഷ്ണയാലും ഏതദ്ഭക്തിപ്രചരണാസക്തിയാലും പ്രേ

രിതനായി; ഈശോയുടെ ദിവ്യഹൃദയത്തെ – സ്നേഹത്തെ – പ്രസംഗിക്കുവാൻ ഉദ്യുക്തനായതിൽ അത്ഭുതത്തിനവകാശമേയില്ല. അദ്ദേഹം ഒരു പ്രേഷിതന്റെ സാക്ഷാൽക്കാരംതന്നെയാണ്. പൊക്കണമോ നാണയസഞ്ചിയോ അദ്ദേഹത്തിനില്ല. അദ്ദേഹത്തിന്റെ പ്രോജ്ജ്വലമായ സ്നേഹവും പരിപൂർണ്ണമായ നിസ്വാർത്ഥതയും മാത്രമാണ് ഇന്നുവരെ അദ്ദേഹം നടത്തിയിട്ടുള്ള മഹനീയ ജോലികളുടെയെല്ലാം വിജയലബ്ധിക്കു കാരണം.

ഫാദർ മത്തേഒാ ലോകത്തിന്റെ നാനാഭാഗങ്ങളിലുംപോയി പ്രസംഗിച്ചിട്ടുണ്ട്; അവിടങ്ങളിലുള്ളവരെയെല്ലാം, അദ്ദേഹംതന്നെ ഏതു പരിശുദ്ധവും രക്ഷാകരവുമായ സ്നേഹത്താൽ നിമഗ്നനായിരിക്കുന്നുവോ, ആ സ്നേഹംകൊണ്ടു നിറയ്ക്കുകയാണ് ചെയ്യുന്നതു്. ഇതു് അദ്ദേഹം നിർവ്വഹിക്കുന്ന വിധവും, ആ വിധത്തിന്റെ ശക്തിയും ഒന്നു വേറെതന്നെയാണ്. അദ്ദേഹം പറയുന്ന സംഗതികൾ എത്രയും സാധാരണങ്ങൾ; പ്രതിപാദനരീതിയോ? അതും കേവലം സാധാരണം. എങ്കിലും ഒരു ദൈവിക ശക്തിയാലെയെന്നോണമാണ് അദ്ദേഹം ആത്മാക്കളെ തന്നിലേയ്ക്കു ആകർഷിക്കുന്നതു്. അദ്ദേഹത്തിന്റെ കർത്താവുതന്നെ അദ്ദേഹം വഴിയായി സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുന്നു. നമ്മുടെ ദിവ്യരക്ഷകൻ ലോകത്തിലായിരിക്കുമ്പോൾ അദ്ദേഹത്തെ കാണുകയോ അദ്ദേഹത്തിന്റെ വചനങ്ങൾ ശ്രവിക്കയോ ചെയ്തിരുന്നെങ്കിൽ എത്ര സന്തോഷാനുഭൂതിയുണ്ടാകുമായിരുന്നുവോ, അതേ അനുഭവം തന്നെയാണ് ഫാദർ മത്തേഒായെ കാണുന്നവർക്കും കേൾക്കുന്നവർക്കും ഉള്ളതു്: എന്തുകൊണ്ടെന്നാൽ കേൾക്കുന്നവരെല്ലാം ആകൃഷ്ടചിത്തരും, പരാജിതരും രൂപാന്തരീഭൂതരും ആയിപ്പോകുന്നു. അതെ, നാംതന്നെ പ്രശസ്ത ചൈതന്യംനിറഞ്ഞ പ്രേഷിതരായിപ്പോകുന്നു! അദ്ദേഹത്തിന്റെ കാവൽമാലാഖയ്ക്കോ, മറ്റെല്ലാ മാലാഖമാരുടെയും സംഘത്തിനോ സാധിക്കാത്തവയാണ് അദ്ദേഹം ചെയ്യുന്നതു്. അതെ, യാതൊരു മാലാഖയ്ക്കും ദിവ്യപൂജ സമർപ്പിക്കാനോ, സ്നേഹത്തെ പ്രസംഗിക്കാനോ, സ്നേഹംതന്നെയായിരിക്കുന്ന അദ്ദേഹത്തിനുവേണ്ടി

എന്തെങ്കിലും പീഡ സഹിക്കുന്നതിനോ സാധ്യമല്ലല്ലോ. ഇപ്പയെല്ലാം ഫാദർ മത്തേവൊയ്ക്കു കഴിയുമെന്നുവച്ച് അദ്ദേഹം ഒരിക്കലും അവയിൽ സ്വയം പ്രശംസ ഭാവിക്കുന്നില്ല. ഏററം ജോലിത്തിരക്കുള്ള ദിവസങ്ങളിൽപോലും അദ്ദേഹം എട്ടിലധികം പ്രാവശ്യം മററുള്ളവരുടെ ക്ഷണാനുസരണം പല സ്ഥലങ്ങളിലും ചെന്നു പ്രസംഗിച്ചിട്ടുണ്ട്; ഈ പ്രസംഗങ്ങൾക്കെല്ലാം 'വിശ്രമം അനുഭവിക്ക' എന്നാണ് അദ്ദേഹം ഏററം പ്രിയങ്കരമാംവണ്ണം ചേർത്ത് പറയുന്നത്. ഒരുവൻ സ്നേഹിക്കുന്നതു ആരെയോ, ആയാളെക്കുറിച്ചു പ്രസംഗിക്കുന്നതു ആൎക്കും പ്രിയങ്കരവും വിശ്രമവുമാണല്ലോ. ഇങ്ങനെ യാതൊരു ഇളവും കൂടാതെ ബുദ്ധിമുട്ടുകയാണെങ്കിൽ ഈ ജോലി ദീർഘനാളത്തേയ്ക്കു ചെയ്യാൻ സാധിക്കയില്ലെന്നോ, അദ്ദേഹം ഇവ്വിധം തന്നെത്തന്നെ കൊല്ലുകയാണെന്നോ മററോ വല്ലവരും പറഞ്ഞാൽ "എന്നെപ്രതി മരിച്ചവനുവേണ്ടി എനിക്കു എന്തുകൊണ്ടു മരിച്ചുകൂടാ?" എന്നാണ് അദ്ദേഹം അവരോടു പ്രതിവചിക്കുന്നത്.

ക്രിസ്തുവൎഷം ൧൯൧൪-ൽ ഫാദർ മത്തേവൊ യൂറോപ്പിലേയ്ക്കു മടങ്ങി; എന്നാൽ തിരിച്ചെത്തുന്നതിനുമുമ്പായി മഹായുദ്ധം ആരംഭിച്ചു. "അദ്ദേഹം ഫ്രാൻസിൽ ചെന്നിട്ടെന്തു ചെയ്യാനാണ്? അദ്ദേഹത്തിന്റെ പ്രസംഗംകൊണ്ടു യാതൊരു ഫലവുമുണ്ടാകയില്ല; യുദ്ധം നിമിത്തം എല്ലാം തകിടംമറിഞ്ഞിരിക്കയാണല്ലോ. അദ്ദേഹത്തെ കേൾക്കാൻ യാതൊരുത്തനുമുണ്ടായിരിക്കയില്ല" എന്നൊക്കെയാണ് അദ്ദേഹത്തിന്റെ ശ്രേഷ്ഠന്മാർ പറഞ്ഞത്. പക്ഷേ, സംഭവിച്ചതു നേരെ മറിച്ചായിരുന്നു. യുദ്ധം നിമിത്തം പല കുടുംബക്കാൎക്കും വലുതായ ക്ലേശങ്ങളും ജീവനഷ്ടവും സംഭവിച്ചിരുന്നു. അങ്ങനെയുള്ള കുടുംബങ്ങളിൽ ആശ്വാസവും സാന്ത്വനവും ഈശോയുടെ ദിവ്യഹൃദയസിംഹാസനാരോഹണംകൊണ്ടു ഉണ്ടായുള്ളു.

പത്താം പിയൂസ് പാപ്പായുടെ നിര്യാണശേഷം ഫാദർ മത്തേവൊ വീണ്ടും അനുവാദത്തിനായ് റോമായിലേയ്ക്കു പോയി. അന്നു വാണിരുന്ന പതിനഞ്ചാം ബെനഡിക്ടാസ് പാപ്പായുമാ

യി അദ്ദേഹം ഒരു അഭിമുഖസംഭാഷണം നടത്തി. തത്ഫലമായി പാപ്പാതിരുമനസ്സുകൊണ്ടു ഫാദർ മത്തേഓയുടെ ജോലിയെ അത്യന്തം പ്രശംസിക്കയും അതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി തന്റെ സ്വന്തം കൈപ്പടയിൽ ഒരു ലേഖനം എഴുതിക്കൊടുക്കുകയും ചെയ്തു. അതേസമയംതന്നെ പരിശുദ്ധ പിതാവു കുടുംബപ്രതിഷ്ഠാപനം സംബന്ധിച്ചു ഇററലി ഒട്ടുക്ക് പ്രസംഗിക്കുന്നതിനു ഫാദർ മത്തേഓയെ അധികാരപ്പെടുത്തുകയും ഉദ്യോഗിക്കയും ചെയ്തു. അനന്തരം ൧൯൧൫-ൽ അദ്ദേഹം വത്തിക്കാൻ അരമന സന്ദർശിച്ചപ്പോൾ പരിശുദ്ധ പിതാവു ഫാദർ മത്തേഓയോടു തന്റെ സമക്ഷം ദിവ്യബലി സമർപ്പിക്കുവാൻ ആജ്ഞാപിച്ചു. അതിനുശേഷം വീണ്ടും അദ്ദേഹം ഫാദർ മത്തേഓയ്ക്കു മറെറാരു സന്ദർശനം കൂടെ അനുവദിച്ചു. ഇപ്രാവശ്യം പരിശുദ്ധ പിതാവു കുടുംബപ്രതിഷ്ഠാപനത്തിന്റെ ആവശ്യകതയെപ്പററി പൂർവ്വാധികം ഊർജ്ജസ്വലമായി സംസാരിക്കയും, ആ ജോലി തന്റെ സ്വന്തമാണെന്നും അതു് എല്ലായിടത്തും നിർവ്വഹിക്കപ്പെട്ടു കാണ്മാൻ അവിടുന്നു അതിയായി ആഗ്രഹിക്കുന്നുവെന്നു പ്രത്യക്ഷമാക്കുകയും ചെയ്തു.

പരിശുദ്ധ പിതാവിന്റെ ആഗ്രഹം സഫലമായി: നിരവധി പ്രാതികൂല്യങ്ങളും വൈപരീത്യങ്ങളും വൈഷമ്യങ്ങളുമെല്ലാമുണ്ടായിട്ടും കുടുംബപ്രതിഷ്ഠാപനം വടക്കെ അമേരിക്കയിലും തെക്കെ അമേരിക്കയിലുംമാത്രമല്ല, അഖില ഐറോപ്യൻ രാജ്യങ്ങളിലും ഇൻഡ്യയിലും, സിലോണിലും, കെയിറോയിലും, മഡഗാസ്കറിലും, തെക്കെ ആഫ്രിക്കയിലും, കോങ്ഗോയിലും, ഗിനിയായിലും, സെനേഗലിലും കൊറിയായിലും ആസ്ത്രേലിയായിലും എന്നുവേണ്ട മൊളോക്കായിലുള്ള കുഷ്ഠരോഗികളുടെ അധിവാസസ്ഥലങ്ങളിൽപോലും പ്രചരിച്ചു കഴിഞ്ഞിരിക്കുന്നു. അത്യത്ഭുതാവഹങ്ങളായ അനുഗ്രഹങ്ങളാണ് ഫാദർ മത്തേഓയുടെ ഈ പ്രേഷിതവൃത്തിക്കു ലബ്ധമായിരിക്കുന്നതു്". ഒരു മെത്രാൻ അദ്ദേഹത്തിനു ഇപ്രകാരം എഴുതിയിരിക്കുന്നു; "പ്രിയ അച്ചാ, ഞാൻ ഒരു മനുഷ്യന്റെമാത്രമല്ല, പാപത്താൽ മരണംസംഭവിച്ചിരു

ന്ന നിരവധി ആത്മാക്കളുടെ പുനരുത്ഥാനമാണ കണ്ടിട്ടുള്ളതു."

ഇതിനകം ഫാദർ മത്തേഒ ഇംഗ്ലണ്ട്, സ്കോട്ടലണ്ട്, ഫ്രാൻസ്, സ്പെയിൻ, പോർട്ടുഗൽ, ഇററലി എന്നീരാജ്യങ്ങളെ ഈരണ്ടുപ്രാവശ്യവും ഹോളണ്ട്, സ്വിററ്സർലണ്ട്, ബെൽജിയം, ലക്സംബർഗ്ഗ് എന്നീരാജ്യങ്ങളെ ഓരോപ്രാവശ്യവും സന്ദർശിച്ചിട്ടുണ്ട്. ഇവിടങ്ങളിലെല്ലാം ഉണ്ടായിട്ടുള്ള നിരവധി അത്ഭുതസംഭവങ്ങളും മാനസാന്തരങ്ങളും പ്രസ്തുത പ്രതിഷ്ഠാപനത്തിൽ വിളങ്ങുന്ന ദൈവികതത്വത്തെയാണ് പ്രകടമായി പ്രത്യക്ഷപ്പെടുത്തുന്നതു്.

ഇത്രയുമാണ് ഈ ദിവ്യമായ ജോലിയുടെ ഉത്ഭവത്തെക്കുറിച്ചു പറവാനുള്ളതു്. അതു് അതിൻെറ മൂലസിദ്ധാന്തങ്ങളെ സംബന്ധിച്ചിടത്തോളം ദൈവികമാകുന്നു; എന്തുകൊണ്ടെന്നാൽ അതു് നമ്മുടെ ദിവ്യരക്ഷകൻെറ നിർദ്ദേശമനുസരിച്ചുള്ളതാകുന്നു. അതു് അതിൻെറ ഫലത്തിലും ദൈവികമാകുന്നു; എന്തുകൊണ്ടെന്നാൽ അതുമൂലമുണ്ടാകുന്ന അതിസ്വാഭാവികമായ രൂപാന്തരീഭാവങ്ങൾ നിരവധിയാണ്.

ഇനി, ഈശോയുടെ സിംഹാസനാരോഹണം എന്നുവച്ചാൻ എന്തെന്നു ഫാദർ മത്തേഓതന്നെ പറയാൻപോകുന്നതിൽനിന്നു നമുക്കു കേൾക്കാം.

---

ആർക്കും സാധിക്കാവുന്ന

## ഒരു പ്രേഷിതവേല.

(റവ. ഫാദർ മാവുരൂസ് സി. ഡി.)

ഫ്രാൻസിൻെറ തെക്കെ ഭാഗത്തു് വാൽസ് (Vals) എന്ന സ്ഥലത്തെ വൈദികവിദ്യാർത്ഥിമന്ദിരത്തിൻെറ അധിപനായിരുന്ന ഫാ. ഗാട്രെലററ് (Fr. Gautrelet S. J.) ൧൮൪൪-ാമാണ്ട് ഫ്രാൻസിസ് സേവിയർ പുണ്യവാൻെറ തിരുനാളിൽ അവിടത്തെ വൈദികവിദ്യാർത്ഥികളോടു അവർ ഉടനെതന്നെ പ്രേഷിതവേല തുടങ്ങണമെന്നു പറയുകയുണ്ടായി. വൈദികപരി

ശീലനം പൂത്തിയാകുന്നതിനു മുൻപു പ്രേഷിതവേലയ്ക്കു അവർ ക്ഷണിക്കപ്പെട്ടതിൽ വിസ്മയം തോന്നിയേക്കാം. എന്നാൽ വൈദികക്ക് മാത്രമല്ല, ആക്കം സുസാദ്ധ്യമായ ഒരു പ്രേഷിതവേലയാണ് അദ്ദേഹം അവരിൽനിന്നാവശ്യപ്പെട്ടതു. ആ വിദ്യാത്ഥികളുടെ പ്രാത്ഥനകളേയും പഠനത്തേയും മററു പ്രവൃത്തികളേയും ആത്മാക്കളുടെ രക്ഷക്കും തിരുസ്സഭയുടെ മററാവശ്യങ്ങൾക്കുംവേണ്ടി ഉദ്ദേശിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ഭക്തിപരമായ തീക്ഷ്ണതയോടുകൂടിത്തന്നെ ആ യുവഹൃദയങ്ങൾ അദ്ദേഹത്തിൻെറ ക്ഷണത്തെ സ്വീകരിച്ചു. മിശിഹാരാജനുവേണ്ടി എന്തും ചെയ്യുന്നതിനും അവിടുത്തെ രാജ്യം പ്രചരിപ്പിക്കുന്നതിനും സദാ ജാഗരൂകരായിരുന്ന ആ യുവഭടന്മാക്ക് അവരുടെ ആഗ്രഹനിവൃത്തിക്കു ഇതൊരു ഒന്നാംതരം അവസരം തന്നെയായിരുന്നു. അതുകൊണ്ടു ഈ പുതിയ പ്രസ്ഥാനത്തെ എത്രയും ക്രമീകൃതമായും വിജയപ്രദമായും നടത്തുന്നതിനു അവർ അത്യുത്സുകരായി കാണപ്പെട്ടു. വ്യക്തിപരമായ പരിശ്രമത്തെക്കാൾ സംഘടിതശ്രമം കൂടുതൽഫലം ചെയ്യുന്നതുകൊണ്ടു ഈ പുതിയ പ്രേഷിതവേലയ്ക്കു താല്പയ്യമുള്ളവരെ ചേത്തു ഒരു സഖ്യം രൂപവൽക്കരിച്ചു. കായ്യക്ഷമതയ്ക്കുവേണ്ടി തദംഗങ്ങളെ ഛ പേരടങ്ങിയ ഉപശാഖകളായി തിരിച്ചു ഓരോന്നിനും പ്രത്യേക ഉദ്ദേശ്യങ്ങളെ നിശ്ചയിച്ചുകൊടുത്തു. ആ ഉദ്ദേശ്യസാദ്ധ്യത്തിനായി അവർ ചെയ്യേണ്ടിയിരുന്നതു അവരുടെ പ്രാത്ഥനകളേയും പഠനത്തേയും മററു പ്രവൃത്തികളേയും സമപ്പിക്കുകമാത്രമായിരുന്നു.

പ്രേഷിതവേലയ്ക്കുള്ള അഭ്യസനകാലത്തുതന്നെ വൈദികവിദ്യാത്ഥികളിൽ കാണാറുള്ള ആത്മരക്ഷാതൈക്ഷ്ണ്യത്തെ പ്രാവത്തികമാക്കുന്നതിനു ഒരു അവസരം നൽകണമെന്നേ ഫാ. ഗാബ്രിലേറവ് കരുതിയിരുന്നുള്ളു. എന്നാൽ പ്രതീക്ഷയെ കവിഞ്ഞുതന്നെ പ്രസ്തുത സഖ്യം വൈദികവിദ്യാത്ഥിമന്ദിരത്തിനു പുറത്തു കടന്നു പ്രചരിക്കാൻ തുടങ്ങി. വൈദികരും അവൈദികരും സന്തോഷപൂവ്വം അതിനെ ആശ്ലേഷിച്ചു. ആദ്യം വൈ-

(Puy) എന്ന സ്ഥലത്തെ മെത്രാൻ സഖ്യത്തിനു അനുമതി നൽകി. പിന്നീടു ൯-ാം പീയോസ് മാപ്പാപ്പാ അതിന്റെ നിയമാവലിയെ അംഗീകരിക്കുകയും അനേകബന്ധവിമോചനങ്ങളാൽ അതിനെ പരിപോഷിപ്പിക്കുകയുംചെയ്തു. മാത്രമല്ല ഈശോസഭയുടെ പൊതുശ്രേഷ്ഠൻ തന്റെ സഭയുടെ സൽകൃത്യങ്ങളിലും പ്രാർത്ഥനകളിലും ഒരോഹരി ഈ സഖ്യാംഗങ്ങൾക്കു കൊടുത്തു. പിന്നീടു മറെറല്ലാ സന്യാസസഭകളും അതേ ആനുകൂല്യത്താൽ സഖ്യത്തെ പ്രോത്സാഹിപ്പിച്ചു. അതോടുകൂടി സഖ്യത്തിന്റെ അഭിവൃദ്ധിയും പ്രചരണവും വിസ്മയാവഹമായിത്തീൎന്നു. ഇപ്പോൾ ജപ അപ്പസ്തോലസഖ്യത്തിനു ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി മൂന്നു കോടിയിൽപരം ജപഅപ്പസ്തോലന്മാരുണ്ടല്ലൊ. വിശ്വാസം ക്ഷയിച്ചും സന്മാൎഗ്ഗം അധഃപതിച്ചും വരുന്ന ഈ ആധുനികകാലത്തു ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ പ്രാൎത്ഥനാപരമായ ജീവിതത്തിനുള്ള താല്പര്യം ഉളവാക്കുന്നതിനും തപോരാ യഥാൎത്ഥമായ കത്തോലിക്കചൈതന്യവും ജീവനും ഉണ്ടാകുന്നതിനുംവേണ്ടി പരിശുദ്ധാത്മാവു ചെയ്യുന്ന അത്ഭുതകരമായ വിശുദ്ധീകരണപ്രവൃത്തികളിൽ ഒന്ന് എന്നല്ലയൊ ഇതിനെക്കുറിച്ചു പറയേണ്ടതു്? ൧൮൯൬-ൽ ൧൩-ാം ലെയോൻ മാപ്പാപ്പാ സഖ്യനിയമങ്ങളെ പരിഷ്കരിച്ചുറപ്പിച്ചു. ഇപ്പോൾ ഭാഗ്യമായി വാഴുന്ന ൧൧-ാം പിയോസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ സഖ്യത്തിൽ ചേരാത്തതായി കത്തോലിക്കരിൽ ആരും ഉണ്ടായിരിക്കരുതെന്നുള്ള അവിടുത്തെ ആഗ്രഹത്തെ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി.

ജപഅപ്പസ്തോലസഖ്യത്തിന്റെ പൊതുഅദ്ധ്യക്ഷൻ സഖ്യനിയമാനുസരണം ഈശോസഭയുടെ പൊതുശ്രേഷ്ഠൻതന്നെയാണ്. അദ്ദേഹത്തിന്റെ കീഴിൽ ഓരോ രൂപതയിലും മറേറാരോ സ്ഥലങ്ങളിലും ആവശ്യം അനുസരിച്ചു ഉപാദ്ധ്യക്ഷന്മാരെയും അവരുടെ കീഴിൽ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രൊമോട്ടർമാരെയും നിയമിച്ചു സഖ്യത്തെ വ്യവസ്ഥാപിതമായി നടത്തിക്കൊണ്ടുപോകുന്നു. സഖ്യത്തിന്റെ ഉദ്ദേശ്യം അതി

ൻെറ പേരിൽനിന്നു വിശദമാകുന്നതുപോലെ പ്രാൎത്ഥനയുടെ പ്രേഷിതവൃത്തിയെ പ്രോത്സാഹിപ്പിക്കുകയാണു്. ഈ പ്രേഷിതജോലി ആൎക്കും സുസാദ്ധ്യവും അത്യുൽകൃഷ്ടവും അത്യന്താപേക്ഷിതവും ആണെന്നു പറയേണ്ടതില്ല. ആത്മാക്കളെ രക്ഷാമാൎഗ്ഗത്തിലേക്കു ആനയിക്കുന്നതിനും അതിൽ സുസ്ഥിരമായി നടത്തുന്നതിനും അജയ്യമായ ഒരു ശക്തിയാണു് പ്രാൎത്ഥനയ്ക്കുള്ളതു്. അതുകൊണ്ടു ജപഅപ്പോസ്തോലവൃത്തിയെ വളരെ കാൎയ്യമായിട്ടുതന്നെ കത്തോലിക്കസഭ മതിച്ചുവരുന്നു. പ്രാൎത്ഥനാപരമായ ജീവിതപദ്ധതിയെ പരിവൎജ്ജിച്ചിട്ടുള്ള പ്രവൃത്തികളെ സഭ അംഗീകരിക്കുകയില്ല. പ്രാൎത്ഥനയെയൊ എന്നാൽ എന്നും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. മറെറല്ലാ കാൎയ്യങ്ങളിലും എന്നപോലെ ഇതിലും സഭ സ്വസ്ഥാപകനെ അനുകരിക്കുന്നു എന്നേ പറയേണ്ടതുള്ളു. ക്രിസ്തുനാഥൻ അവിടുത്തെ ഐഹികജീവിതകാലത്തിൻെറ എത്രയും വലിയ ഒരു ഭാഗം, അതേ ൩൩-വൎഷത്തിൽ ൩൦ വൎഷവും ലോകത്തിനു അജ്ഞാതമായി ജീവിച്ചു. നസ്രസിലെ ആ ചെറിയ ഭവനത്തിൽ വെറും സൎവ്വസാധാരണമായ പ്രവൃത്തികളും പ്രാൎത്ഥനകളുംകൊണ്ടു അവിടുന്നു ജപഅപ്പോസ്തോലവൃത്തിയത്രെ നടത്തിയിരുന്നതു്. ഏററം ഹ്രസ്വമായ പരസ്യജീവിതകാലത്തിൽ തന്നെയും രാത്രിയിലും പ്രസംഗത്തിനു സൗകൎയ്യമില്ലാത്ത മററു ഘട്ടങ്ങളിലും ധാരാളം സമയം പ്രാൎത്ഥനയ്ക്കു വിനിയോഗിച്ചിരുന്നു. ഇന്നും അവിടുന്നു സ്വൎഗ്ഗത്തിലും ദിവ്യകാരുണ്യത്തിലും ഇരുന്നു മനുഷ്യരക്ഷയ്ക്കുവേണ്ടി അഭ്യൎത്ഥിക്കുന്നു. ലോകരക്ഷാൎത്ഥം കാൽവരി മലമുകളിൽ അവിടുന്നു സമൎപ്പിച്ച അനന്തബലിതന്നെ അനുനിമിഷം നമ്മുടെ പീഠങ്ങളിൽ ആവൎത്തിക്കപ്പെടുന്നു. വി. പൗലോസ്ശ്ലീഹാ റോമ്മാക്കാൎക്കുള്ള ലേഖനത്തിൽ "അവിടുന്നു ദൈവത്തിൻെറ വലത്തുഭാഗത്തു ഇരുന്നു നമുക്കുവേണ്ടി പ്രാൎത്ഥിക്കുന്നു" (റോ. ൮. ൩൪) എന്നും, എബ്രായക്കാൎക്കുള്ള കുറിയിൽ "നമുക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനു അവിടുന്നു എന്നും ജീവിക്കുന്നു." (എബ്രാ. ൭. ൨൫) എന്നും പറഞ്ഞിട്ടുള്ളതുപോലെ മലിനീകൃതമായ ലോകത്തിനും

പരിശുദ്ധിതന്നെയായ ദൈവത്തിനും ഇടയിൽ മിശിഹാ മദ്ധ്യസ്ഥനായി വർത്തിക്കുന്നു. അതുകൊണ്ടു ആർക്കും സുസാദ്ധ്യമായ ഈ പ്രേഷിതവേല നാം ചെയ്യുമ്പോൾ നമ്മുടെ ദിവ്യഗുരുവിനോടു കൂടുതൽ അനുരൂപപ്പെടുകയാണു് ചെയ്യുന്നതു് എന്നു പറയാവുന്നതാണു്. ഈ വസ്തുത ഗ്രഹിച്ചിരുന്ന ശ്ലീഹന്മാരും മററു വിശുദ്ധാത്മാക്കളും സ്വമാതൃകയാലും ഉപദേശങ്ങളാലും ഇതിലേക്കു നമ്മെ പ്രേരിപ്പിക്കുന്നുണ്ടു്. വി. പൗലോസ് സ്വശിഷ്യനായ തിമോത്തിക്കു ഇങ്ങനെ എഴുതുന്നു. "എല്ലാ മനുഷ്യരും രക്ഷപെടുന്നതിനും സത്യജ്ഞാനത്തിൽ എത്തുന്നതിനും മനസ്സാകുന്ന ദൈവത്തിനു എല്ലാ മനുഷ്യർക്കുവേണ്ടിയും യാചനകളും പ്രാർത്ഥനകളും അർപ്പിക്കണമെന്നു എല്ലാററിനും മുമ്പായി നിന്നോടു ഞാൻ അപേക്ഷിക്കുന്നു." (൧. തിമോ. ൨. ൧-൪) യാക്കോബ് ശ്ലീഹാ ഉപദേശിക്കുന്നതു "രക്ഷപെടുന്നതിനു നിങ്ങൾ തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുവിൻ. എന്തുകൊണ്ടെന്നാൽ ഒരു നീതിമാൻെറ അപേക്ഷ വളരെ ഫലപ്രദമാകുന്നു." എന്നാണു്.

ലോകത്തെ ഉദ്ധരിക്കുന്നതിനും അവിശ്വാസമാകുന്ന പിശാചിനെ ബഹിഷ്കരിച്ചു സുവിശേഷദീപം ലോകമെങ്ങും പ്രകാശിപ്പിക്കുന്നതിനും ഇന്നു പ്രത്യേകിച്ചു അത്യന്താപേക്ഷിതമായിരിക്കുന്നതു് പ്രാർത്ഥനയും ത്യാഗവുമാണെന്നു ലോകത്തിൻെറ ഇന്നത്തെ ഭയങ്കരമായ ദുരവസ്ഥയെ നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ള നമ്മുടെ പരിശുദ്ധ പിതാവു പറയുന്നു. "പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ ജാതി ബഹിഷ്കരിക്കപ്പെടുന്നില്ല." എന്നു നമ്മുടെ കർത്താവു ഒരിക്കൽ ഒരു പിശാചിനെക്കുറിച്ചു പറഞ്ഞതു് ഇന്നു അജ്ഞാനികളിൽമാത്രമല്ല ചില കത്തോലിക്കരിൽക്കൂടെയും ആവസിച്ചുകാണുന്ന അധർമ്മപ്പിശാചിനെക്കുറിച്ചും അന്വർത്ഥമാണു്. സന്മാർഗ്ഗവിഹീനമായ വിദ്യാഭ്യാസഫലമായും മററും അന്ധമായിരിക്കുന്ന ബുദ്ധിയെ പ്രകാശിപ്പിച്ചു അതിൽ സത്യജ്ഞാനം പ്രവേശിപ്പിക്കുന്നതിനും സന്മാർഗ്ഗപന്ഥാവിൽക്കൂടെ നടത്തുന്നതിനും ഇന്നു കൂടുതൽ ആവശ്യമായിരിക്കുന്നതു് പ്രാർത്ഥനയും ത്യാഗവുമാണെന്നു ആത്മരക്ഷയിൽ പരിശ്രമിക്കുന്നവർക്കു അനുഭവവേദ്യമായിട്ടുണ്ടു്. (തുടരും)

# നിശ്ശബ്ദയാത്ര.

(ശ്രീമാൻ എം. എ. മാതക്കോ ബി. എ)

പ്രകൃതിരമണീയമായ ഒരു നഗരമാണ് ആംസ്റ്റർഡാം. അലയാഴിയുമായി അനവരതം അടർ നടത്തിക്കൊണ്ടിരിക്കുന്ന ഡച്ചുകാരുടെ പരിശ്രമത്തിന്റെ അത്ഭുതകരമായ സ്മാരകമത്രെ പ്രസ്തുത പട്ടണം. അന്യഥാ സമുദ്രജലത്തിനടിയിൽ ആണ്ടുകിടക്കേണ്ട മററു പല സ്ഥലങ്ങളും അവർ ജനനിവാസയോഗ്യങ്ങളായ പരിഷ്കാരകേന്ദ്രങ്ങളാക്കിത്തീർത്തിട്ടുണ്ട്. "ഈശ്വരൻ കടൽ സൃഷ്ടിച്ചു; എന്നാൽ കര ഞങ്ങളും സൃഷ്ടിച്ചു" എന്ന് അവരുടെയിടയിൽ നടപ്പുള്ള ഒരു പഴഞ്ചൊല്ലുതന്നെ ഈ സംഗതിയെ വ്യക്തമാക്കുന്നു. ഇവർ സമുദ്രത്തെ തടുത്തു നിറുത്തിയിട്ടുണ്ടെങ്കിലും കരയിൽനിന്നും ജലത്തെ നിശ്ശേഷം മാററിയിട്ടില്ല. തന്നിമിത്തം സസ്യശ്യാമമായ കൂലങ്ങളോടുകൂടിയ അനേകം കുല്യകൾ ആംസ്റ്റർഡാമിലെ പ്രേക്ഷകന്മാൎക്ക് നേത്രോത്സവമായി ഭവിക്കുന്നു.

ആംസ്റ്റർഡാമിലെ ഒരു മാളികയുടെ മുകളിൽനിന്നും സന്ധ്യാവേളയിൽ പശ്ചിമാഭിമുഖമായി നോക്കുന്നതായാൽ ആനന്ദപ്രദങ്ങളായ അനേകം കാഴ്ചകൾ കാണ്മാൻ കഴിയും. അവിടത്തെ ആകാശം, ഗോപുരങ്ങൾക്കും മേടകൾക്കും സമുചിതമായ ഒരു പരഭാഗം ആയി വിലസുന്നു. താഴെക്കൂടി സഞ്ചരിക്കുന്ന വാഹനങ്ങളുടെ 'ലെടാലടാ'രവത്തോടിടകലൎന്നുവരുന്ന ഘണ്ടാശബ്ദവും പാദചാരികളുടെ അവ്യക്താലാപവും കാതുകൾക്കു ഇമ്പമുള്ളവയാണ്. നിശ്ചലവും സുചലവുമായ ദീപസമൂഹങ്ങളുടെ പ്രഭയും അച്ഛസച്ഛമായ ജലത്തിൽ പ്രതിഫലിച്ചുകാണാം. ഒരു സഞ്ചാരിക്കെന്നപോലെ ഒരു കലാകുശലനും ശില്പവിദഗ്ദ്ധനും ഹിതകരങ്ങളായ മററനേകം കാഴ്ചകളും അവിടെ ഉണ്ട്. എന്നാൽ ഒരു കത്തോലിക്കനെ ആംസ്റ്റർഡാം പ്രത്യേകതരമായി ആകൎഷിക്കാതിരിക്കുകയില്ല. ഇവിടെവച്ചു നടന്ന ഒരു അത്ഭുത സംഭവം സവിശേഷം സ്മരണീയമാണ്.

ആംസ്റ്റർഡാം ഒരു വലിയ പട്ടണം ആയിത്തീരുന്നതിനു മുമ്പ്, അതായതു ഹോളണ്ട് ഒരു കത്തോലിക്കാരാജ്യമായിരു

നൂറപ്പോഠം നഗരോപാന്തത്തിൽ സ്ഥിതിചെയ്തിരുന്ന കാൻവർസ്റ്റ്റാററ് തെരുവു ഒരു ദൈവത്ഭുതസങ്കേതം ആയിരുന്നുവത്രെ. ൧൩൨൨ മാച്ച് ൧൫-ാംനു- അവിടെ ഒരു രോഗി ആസന്നമരണനായി കിടക്കുകയായിരുന്നു. വൈദികൻ അയാഠംക്കു അന്ത്യക്രിയാശയും വി. കുർബ്ബാനയും കൊടുത്തിട്ടു തിരികെ പോയിക്കഴിഞ്ഞു. അധികം താമസിയാതെതന്നെ രോഗിക്കു ഒരു ഛർദ്ദി തുടങ്ങി. അയാളുടെ ഭാൎയ്യ ആ ഉഛിഷ്ടങ്ങളെല്ലാം അടിച്ചുവാരി അടുപ്പിലേയ്ക്കു കളഞ്ഞു. പിറേറന്നു കാലത്തെ അവഠം അടുപ്പിൽ തീ ഊതിക്കൊണ്ടിരിക്കവേ വിശുദ്ധ രൂപം അഗ്നിജ്വാലകഠംക്കു മുകളിൽ അഭംഗമായി ഉയൎന്നുനില്ക്കുന്നു. അവഠം ഭയഭക്തിപൂൎവ്വം അപ്പത്തെ എടുത്തു ഒരു പട്ടിൽ പൊതിഞ്ഞു ഒരു പേടകത്തിനകത്തു് ആക്കിയുംവെച്ച് വൈദികനെ വിളിക്കുന്നതിനായി പോയി. അദ്ദേഹം വിശുദ്ധ രൂപത്തെ അവിടെനിന്നും എടുത്തു ഭക്തിവിസ്മയസമന്വിതം വി. നിക്കോളസിൻെറ ദേവാലയത്തിൽ സ്ഥാപിച്ചു

അന്നു വൈകുന്നേരം പ്രസ്തുത സ്ത്രീ പേടകം തുറന്നുനോക്കിയപ്പോഠം ഒരു ഓസ്തി അതിൽ പ്രത്യക്ഷപ്പെട്ടു. വൈദികൻ വീണ്ടും അവിടെ വന്നു് കൎത്താവിനെ സക്രാരിയിലേക്കു വഹിച്ചുകൊണ്ടുപോയി. ആ രാത്രി വളരെ സംശയാകുലമനസ്കനായിട്ടാണു് അദ്ദേഹം ശയ്യയെ പ്രാപിച്ചതു്. എന്നാൽ വീണ്ടും ഒരു ഓസ്തികൂടി പേടകത്തിനകത്തു് ഉണ്ടെന്നു ആ സ്ത്രീ പിറെറ ദിവസവും വന്നുപറഞ്ഞപ്പോഠം അദ്ദേഹത്തിനുണ്ടായ അത്ഭുതമോ ഉത്കണ്ഠയോ ക്രട്ടതലെന്നു പറവാൻ പ്രയാസം.

ഈ അത്ഭുതം ഇങ്ങനെ ആവൎത്തിച്ചതിൻെറ രഹസ്യം എന്തായിരിക്കാം? അഗ്നിയിൽനിന്നും വിശുദ്ധ അപ്പത്തെ രക്ഷിച്ചതും, പേടകത്തിൽ തുടൎച്ചയായി തിരുഓസ്തി പ്രത്യക്ഷപ്പെട്ടതും എന്തുകൊണ്ടാണു്? തൻെറ സ്നേഹക്രൂദാശയുടെമേൽ പ്രത്യേകഭക്തി ജനിപ്പിക്കുന്നതിനു പല വഴികളാണല്ലോ ദൈവം തെരഞ്ഞെടുക്കുന്നതു്. പോരെങ്കിൽ അവിടുത്തെ ഉദ്ദേശ്യങ്ങഠം നമുക്കു പലപ്പോഴും സുജ്ഞാതമല്ലല്ലോ.

വൈദികൻ പിന്നെയും ആ സ്ത്രീയുടെ വീട്ടിൽ ചെന്നു പവിത്രരൂപത്തെ പൂർവ്വവൽ വഹിച്ചുകൊണ്ടുപോയി. അതിനുശേഷം ജനങ്ങളെ എല്ലാം ഈ അത്ഭുതത്തെക്കുറിച്ചു പറഞ്ഞുമനസ്സിലാക്കുകയുംചെയ്തു. നമ്മുടെ കർത്താവിനു ഇവിടെ ദേവാലയം വേണമെന്നു ഇതിൽനിന്നും അനുമാനിക്കാം എന്നും ഇനിയും ആ പേടകത്തിൽ തിരുഓസ്തി പ്രത്യക്ഷപ്പെടുന്നപക്ഷം വിശ്വാസികൾ ഒന്നടങ്കം അവിടെ വന്നുചേരണമെന്നും പള്ളിയിലേയ്ക്കുള്ള വിശുദ്ധ കുർബ്ബാനയുടെ പ്രദക്ഷിണത്തിൽ സംബന്ധിക്കണമെന്നുംകൂടി അദ്ദേഹം പള്ളിയിൽ പരസ്യമായി പ്രസ്താവിക്കുകയുണ്ടായി.

ദരിദ്രനായ രോഗിയുടെ വീട്ടിൽ പിറേറന്നു രാവിലെ അസംഖ്യം ജനങ്ങൾ തിക്കിക്കൂടി. അക്കൂട്ടത്തിൽ പ്രാമാണികന്മാരായ പല ഉദ്യോഗസ്ഥന്മാരും യൂട്രെച്ചിലെ (Utrecht) മെത്രാന്റെ പ്രതിനിധിയും ഉൾപ്പെട്ടിരുന്നു. ഇടവക വൈദികൻ പേടകം തുറന്നപ്പോൾ വീണ്ടും വിശുദ്ധ അപ്പം അതിൽ കാണപ്പെട്ടു. സന്നിഹിതരായിരുന്നവർ ആകമാനം കർത്താവിനെ സ്തുതിച്ചുകൊണ്ടു പള്ളിയിലേയ്ക്കുള്ള പ്രദക്ഷിണത്തിൽ പങ്കുകൊണ്ടു എന്നു പറയേണ്ടതില്ലല്ലോ. യൂട്രെച്ചിലെ മെത്രാനും നഗരസഭാധികൃതന്മാരും ചേർന്നു നടത്തിയ പര്യന്വേഷണങ്ങളുടെ ഫലമായി പ്രകൃതമായ അത്ഭുതകൃത്യത്തെപ്പററി യാതൊരു സംശയത്തിനും അവകാശമില്ലെന്നു അവർ അഭിപ്രായപ്പെട്ടു. ആംസ്റ്റർഡാമിനു വി. കുർബ്ബാനയിലുള്ള അദ്വിതീയമായ ഭക്തിയുടെ ഉത്പത്തി ഇപ്രകാരമാണ്.

ആംസ്റ്റർഡാമിലെ പൗരന്മാർ, അത്ഭുതം നടന്ന ഭവനംകൂടി ഉൾപ്പെടത്തക്കവിധത്തിൽ മനോഹരമായ ഒരു കപ്പേള പണികഴിച്ചതോടുകൂടി മാർച്ച് ൧൫-ാംനു- അവിടത്തെ തെരുവീഥികളിൽകൂടി വിശുദ്ധ കുർബ്ബാനയുടെ പ്രദക്ഷിണം നടത്തുന്ന പതിവും സമാരബ്ധമായി. ദൈവംതന്നെ തെരിഞ്ഞെടുത്ത ആ ആലയം സന്ദർശിക്കുന്നതിനു നാനാദിക്കുകളിൽനിന്നും അനേകം ആളുകൾ വന്നുകൊണ്ടിരുന്നു. ചാറൽസ് പഞ്ചമൻ, മാക്സ്മില്ലി

യൻ പ്രഭൃതികളായ ചക്രവൎത്തിമാരും തീൎത്ഥയാത്രാസംഘത്തിൽ ഉൾപ്പെട്ടിരുന്നു. മാക്സ്മിലിയൻ തന്റെ രോഗശാന്തിസ്മാരകമായി സ്വകിരീടത്തെ നഗരചിഹ്നത്തിന്റെ മുകളിൽ സ്ഥാപിക്കുന്നതിനു അനുവദിക്കുകയുണ്ടായി. അവിടെ രോഗശാന്തിയും മാനസാന്തരവും ഉത്തരോത്തരം വൎദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. ഇങ്ങനെ പരമ്പരയാ നടത്തിവന്ന പ്രദക്ഷിണത്തിനു കാലക്രമേണ നിർദ്ദിഷ്ടമായ ഒരു പാതയും പ്രാൎത്ഥനാരീതികളും ഉണ്ടായി. പ്രദക്ഷിണം ഹെയിലിഗ് സ്റ്റെഡിൽ (Heilige Stede) നിന്നും വടക്കോട്ടു തിരിച്ചു ഡാമിൽ ചെന്നുനിന്നു ഒ "ആകാശങ്ങളിലിരിക്കുന്നതും" ഒ "നന്മനിറഞ്ഞ മറിയവും" ചൊല്ലി സമുദ്രാഭിമുഖമായി തുടൎന്ന് തീരവാസികൾക്കുവേണ്ടി ഒ "ആകാശങ്ങളിലിരിക്കുന്നതും" ഒ "നന്മനിറഞ്ഞ മറിയവും" ഉരുവിട്ടതിനു ശേഷം തെക്കോട്ടു തിരിഞ്ഞു റോക്കിൻ തോട്ടിലുള്ള പാലത്തിങ്കൽ വന്നുചേരുന്നു. അവിടെ അല്പം താമസിച്ചു കൎഷകൎക്കുവേണ്ടി ഒ "ആകാശങ്ങളിലിരിക്കുന്നതും" ഒ "നന്മനിറഞ്ഞ മറിയവും" ഉച്ചരിച്ചു ഹെയിലിഗ് സ്റ്റെഡിലേക്കു തിരിക്കുകയും അവിടെവച്ച് വീണ്ടും ഒ "ആകാശങ്ങളിലിരിക്കുന്നതും" ഒ "നന്മനിറഞ്ഞ മറിയവും" ചൊല്ലുകയും ചെയ്യുന്നതിനോടുകൂടി പ്രദക്ഷിണം സമാപിക്കുന്നു.

൧൬-ാം ശതവൎഷത്തിലെ മതപരിവൎത്തനകാലംവരേ രണ്ടു നൂറാണ്ടുമുഴുവനും ഈ പ്രദക്ഷിണം കൃത്യമായി നടന്നിരുന്നു. അപ്പോളാണ് പ്രോട്ടസ്റ്റൻറുകാർ ഈ കപ്പേളയെ ആക്രമിച്ച് സ്വന്തമാക്കിയത്. തന്നിമിത്തം പ്രദക്ഷിണം യഥാപൂൎവ്വം നടത്തുന്നതിന് സാധിക്കാതെ ആയി. എന്നാൽ ആംസ്റ്റർഡാമിന്റെ അന്യൂനമായ ഭക്തിയെ നിശ്ശേഷം നശിപ്പിക്കുന്നതിന് ആൎക്കും കഴിഞ്ഞില്ല. അടുത്ത മാൎച്ച് ൧൫-ാംനു അവിടത്തെ കത്തോലിക്കർ ഓരോരുത്തരായി പതിവനുസരിച്ചുള്ള പാതയിൽകൂടി കപ്പേളയുടെ സമീപംവരെ ചെന്ന് രഹസ്യമായി പ്രാൎത്ഥന നടത്തി. ഇങ്ങനെ നിശ്ശബ്ദവും അനാഡംബരവും ആയ പ്രദക്ഷിണം മുന്നൂറുവത്സരം നീണ്ടുനിന്നു. ആംസ്റ്റർഡാമിലെ ചി

ശവാസികൾ ആബാലവൃദ്ധം ഈ ഭക്തികൃത്യങ്ങളിൽ പങ്കുകൊള്ളുന്ന കാഴ്ച എത്രയോ ഹൃദയംഗമമാണ്.

൧൯൦൬-ാം ആണ്ടോടുകൂടി ഈ നിശ്ശബ്ദയാത്ര (Stille Omgang) യിൽ ജനങ്ങൾ ആയിരക്കണക്കിന് സംബന്ധിക്കുവാൻ തുടങ്ങി. തങ്ങളുടെ പ്രിയ ദേവാലയം വീണ്ടെടുക്കുന്നതിനായി ആംസ്റ്റർഡാം പൗരസഞ്ചയം ൧൦ ലക്ഷം ഗൾഡൻ (gulden) കൊടുക്കുവാൻ സന്നദ്ധരായെങ്കിലും അസൂയാലുക്കളായ പ്രോട്ടസ്റ്റൻറുകാർ അതിന് വഴിപ്പെട്ടില്ല അധികൃതന്മാർ ദേവാലയം ഒരു യഹൂദവണിക്കിന് വില്ക്കുകയും കത്തോലിക്കാമതവൈരിയായ ആ വർത്തകപ്രമാണി കെട്ടിടം മിക്കവാറും പൊളിച്ചുപണിയിച്ച് ഒരു ജൗളിക്കടയാക്കിത്തീർക്കുകയും ചെയ്തു. 'സങ്കീർത്തി'യുടെ കുറേഭാഗംമാത്രം നശിപ്പിച്ചിരുന്നില്ല. ഈ യഹൂദൻെറ ശ്രമങ്ങൾ, ഭക്തി സമുജ്ജ്വലരായ കത്തോലിക്കാജനതയെ ഒന്നുകൂടി ഉത്സാഹഭരിതരും കർമ്മോന്മുഖരും ആക്കിത്തീർക്കുകയാണുണ്ടായത്. പിന്നീടു നടന്ന പ്രദക്ഷിണങ്ങളിൽ കാൽവർസ്റ്റ്റാററിലും പരിസരങ്ങളിലും ഉണ്ടായ ജനപ്രവാഹം അത്ഭുതകരമായിരുന്നുവെന്നല്ലാതെ എന്തു പറയട്ടെ.

ഈ അടുത്ത വത്സരങ്ങളിലാവട്ടെ തീർത്ഥകന്മാരുടെ ബാഹുല്യംനിമിത്തം ഒരു ദിവസംകൊണ്ടുതന്നെ എല്ലാവർക്കും "നിശ്ശബ്ദയാത്ര"യിൽ സംബന്ധിക്കാൻ നിവൃത്തിയില്ലാതായി. അതിനാൽ മാർച്ച് ൧൫-ന് അടുത്ത് മുമ്പും പിമ്പും വരുന്ന രണ്ടുഞായറാഴ്ചകളിലാണ് ഇപ്പോൾ പ്രദക്ഷിണം നടക്കുന്നത്. പട്ടണത്തിന് വെളിയിൽനിന്നും വരുന്നവർ ആദ്യദിവസത്തെ ആഘോഷങ്ങൾ നിർവ്വഹിക്കുന്നു. ശനിയാഴ്ച രാത്രി തുടങ്ങി അവർ ബെജിനൻ ഹോഫിൽനിന്നും പ്രത്യേക തീവണ്ടിയിൽ കൂട്ടംകൂട്ടമായി കാൽവർസ്ട്രാററിൽ വന്നിറങ്ങുന്നു. ഞായറാഴ്ചത്തെ ചടങ്ങുകൾ കഴിഞ്ഞാൽ അവർ ബെജിനൻ ഹോഫിലേയ്ക്കു മടങ്ങി അവിടത്തെ ദേവാലയത്തിൽചെന്ന് ദിവ്യകാരുണ്യം സ്വീകരിച്ചതിനുശേഷം വീടുകളിലേയ്ക്കും ഹോട്ടലുകളിലേയ്ക്കും പോകുകയായി. ൧൯൩൪ മാർച്ചിൽ മുപ്പതിനായിരത്തിലധികം ജനങ്ങൾ

ൟ ദിവസം ഹെയിലിഗ്സ്റ്റേഡ് സന്ദർശിച്ചിരുന്നു. പ്രദക്ഷിണത്തിൽ പാരമ്പരയാ അനുഷ്ഠിച്ചുവന്ന പതിവിൽ അല്പം വ്യത്യാസമേ ഇപ്പോൾ വരുത്തിയിട്ടുള്ളു. മദ്ധ്യേമാർഗ്ഗം നാലുസ്ഥലത്തു നിന്നുകൊണ്ട് ൫ "ആകാശങ്ങളിലിരിക്കുന്നതും" ൫ "നന്മനിറഞ്ഞ മറിയവും" വീതം ചൊല്ലിവന്നിരുന്ന പതിവ് ആൾപ്പെരുപ്പം കൊണ്ട് ഇപ്പോൾ സാദ്ധ്യമല്ല. മാർച്ച് ൧൭ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് പട്ടണത്തിലുള്ളവർ പ്രദക്ഷിണം നടത്തുന്നത്. ഇവരെക്കൂടാതെ, പോളൻഡാമിൽനിന്നും വരുന്ന ഒരു നൂറോളം ധീവരന്മാരും ഇതിൽ പങ്കുകൊള്ളുന്നുണ്ട്. ജനങ്ങളുടെ ആകെ സംഖ്യ ആദ്യദിവസത്തേതിൽ നിന്നും ഒട്ടും കുറവല്ല.

മുന്നൂറുകൊല്ലമായിട്ട് തുടർച്ചയായി നടത്തിവരുന്ന "നിശ്ശബ്ദയാത്ര"യിൽ പുരുഷന്മാർ മാത്രമേ ഭാഗഭാക്കാകുകയുള്ളു. എന്നാൽ സ്ത്രീകളും യഥാശക്തി ആ മഹാമഹത്തെ കൊണ്ടാടുന്നുണ്ട്. ബെജിനൻഹോഫ് പള്ളിയിൽ "അത്ഭുതവാര"ത്തിന്റെ ഓരോ സായാഹ്നത്തിലും നടത്തുന്ന പ്രദക്ഷിണത്തിലും വി. കുർബ്ബാനയുടെ ആശീർവ്വാദകർമ്മത്തിലും സ്ത്രീജനങ്ങൾ മുടങ്ങാതെ സംബന്ധിക്കുന്നു.

ഇങ്ങനെ, ൧൮-ാം ശതകത്തിലെ അത്ഭുതത്തിന്റെ സ്മരണ സുദീർഘമായ ഒരു അന്തരാളകാലത്തിനുശേഷം അത്ഭുതാവഹമാംവണ്ണം നവമായിരിക്കുന്നു. ഹെയിലിഗ്സ്റ്റേഡിനെ നശിപ്പിക്കുന്നതിനു പ്രോട്ടസ്റ്റാന്റുകാരെ പ്രേരിപ്പിച്ച മതവിദ്വേഷത്തിൽനിന്നും ദൈവം ഇതാ നന്മയെ ഉല്പാദിപ്പിച്ചിരിക്കുന്നു. ആംസ്റ്റർഡാം നിവാസികൾ അഖിലരും സത്യൈക വിശ്വാസത്തിലേയ്ക്ക് പ്രത്യാഗമിക്കുന്നതിനായി അവിടത്തെ കത്തോലിക്കർ നടത്തിവരുന്ന "നിശ്ശബ്ദയാത്ര" ശബ്ദായമാനങ്ങളായ പ്രസംഗങ്ങളേക്കാളും സ്തവസഹസ്രങ്ങളേക്കാളും പ്രഗല്ഭമത്രെ.

---

സെപ്റ്റംബർ ൨൩-ാംനു അമേരിക്കയിലെ ക്ലീവ്ലൻഡിൽവച്ചു നടത്തപ്പെടുന്ന ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ അവസാനദിവസം, അവിടെ സന്നിഹിതരായിരിക്കുന്നവരോടു പരിശുദ്ധ പിതാവു റേഡിയോമൂലം സംസാരിക്കുന്നതാണ്.

## ഒക്ടോബർ മാസത്തെ പൊതുനിയോഗം.

### സർവ്വകലകളുടെയും മാതാവും ഗുരുനാഥയുമായി വിശ്വാസത്തെ എല്ലാവരും അംഗീകരിക്കുക.

ആത്മാവിന്റെ ഏററം വലിയ സംരക്ഷക വിശ്വാസമാകുന്നു. എന്തെന്നാൽ ഇതുവഴിയായി പരിശുദ്ധാത്മാവു അതിനു വെളിച്ചം നൽകുന്നു. വിശ്വാസം എത്ര ദൃഢമായിരിക്കുമൊ സ്നേഹം അത്ര വർദ്ധിച്ചിരിക്കും. ഇക്കാരണത്താലാണ് എല്ലാം കലകളുടെയും മാതാവും ഗുരുനാഥയുമായി വിശ്വാസത്തെ എല്ലാവരും അംഗീകരിക്കണം എന്നു പറയുന്നതു. വിശ്വാസമില്ലാത്തവനു മററന്തെല്ലാമുണ്ടായാലും യാതൊരു പ്രയോജനവുമില്ല ലോകം മുഴുവനും നേടിയാലും ആത്മാവു നശിക്കയാണെങ്കിൽ എന്തു ഗുണമാണ് അതിൽനിന്നു സിദ്ധിക്കുന്നതു്. അതുകൊണ്ടു സർവ്വോപരിയായി എല്ലാവരും വിശ്വാസത്തെ അംഗീകരിക്കുന്നതിനുവേണ്ടി തിരുഹൃദയ സഖ്യക്കാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്.

---

# പുസ്തകാഭിപ്രായം.

൧. ഗാഗുൽത്തായിലെ ശോകപുരുഷൻ. ഗ്രന്ഥകർത്താ: വി. സി. ജോർജ്ജ് ബി. എ., എൽ. റി., കുറവിലങ്ങാട്ട്. വില അണ ൧൦.

കൽക്കട്ടായിലെ ഒരു ജെസ്വീത്ത് പണ്ഡിതനായ ഫാദർ ജോഹൻസ് രചിച്ച 'വെരോനിക്കാ' എന്ന ഇംഗ്ലീഷ്നാടകത്തിന്റെ ഒരു സ്വതന്ത്ര വിവർത്തനമാണ് ഈ പുസ്തകം. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ അത്ഭുതകർമ്മങ്ങൾ, പീഡാനുഭവം, കുരിശുമരണം മുതലായ സംഭവങ്ങൾ വിഷയമാക്കി എഴുതിയിട്ടുള്ള ഈ ഗദ്യനാടകത്തിൽ ൪ അങ്കങ്ങളുള്ള ൧൫ രംഗങ്ങളാണ് അടങ്ങിയിരിക്കുന്നതു്. രംഗവിധാനങ്ങളും സംഭാഷണരീതിയും സാമാന്യേന പ്രശംസനീയമായിരിക്കുന്നു. സന്ദർഭോചിതങ്ങളായ പല ഗാനങ്ങളും ഇതിൽ അവിടവിടെ ചേർത്തിരിക്കുന്നതു് വളരെ നന്നായിട്ടുണ്ട്. ഈ നല്ലനാടകം കേരളത്തിലെങ്ങും അഭിനയിച്ചു കാണ്മാൻ ഞങ്ങൾ ആശിക്കുകയും ഗ്രന്ഥകാരനും അദ്ദേഹത്തിന്റെ കൃതിക്കും സർവ്വവിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

൨. പാല്ല്യധാരണസ്മാരകം. ഒഎ. എസ്സ് പ്രസ്സ്, എറണാകുളം. വില അണ ൧൦.

വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ പാല്ല്യവസ്ത്രധാരണസ്മാരകമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ പാല്ല്യധാരണം സംബന്ധിച്ചുള്ള വിവരങ്ങൾ, തിരുമനസ്സിലെ ജീവചരിത്രം, പട്ടാഭിഷേകത്തിനു റോമായ്ക്കു യാത്രചെയ്ത സന്ദർഭത്തിൽ സന്ദർശിച്ച തീർത്ഥസ്ഥലങ്ങളെപ്പററിയുള്ള വിവരങ്ങൾ, തിരിച്ചുവന്നസമയം അതിരൂപതയിൽ നടന്ന ആഘോഷങ്ങൾ, ഗദ്യപദ്യമംഗളാശംസകൾ എന്നിത്രയും വിഷയങ്ങളാണ് അടങ്ങിയിരിക്കുന്നതു്. മനോഹരങ്ങളായ നാല്പതിൽപരം ബ്ളോക്കുകളും ഇതിൽ ചേർത്തിട്ടുണ്ട്. ഈ സൽഗ്രന്ഥം എന്നും സ്വാക്ഷാൽ ഒരു പാല്ല്യധാരണസ്മാരകമായി പരിലസിക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല.

---

# കുറിപ്പുകൾ.

ബെൽജിയം രാജാവായ ലെയോപ്പോൾഡ് തൃതീയന്റെ പത്നി ആസ്ട്രിഡ് രാജ്ഞി സ്വിററ്സർലൻഡിലെ ലോസെയിൻ എന്ന സ്ഥലത്തുവെച്ചു ആഗസ്റ്റ് ൨൯-ാം തീയതി ഒരു മോട്ടോർ അപകടത്തിൽ പെട്ടു കാലധർമ്മം പ്രാപിച്ചു. പിറേറദിവസം മൃതശരീരം സ്പെഷ്യൽ ട്രെയിൻമാർഗ്ഗം ബ്രസ്സൽസിലേക്കു കൊണ്ടുപോയി. ശവസംസ്കാരം മാലിൻസിലെ കർദ്ദിനാൾ ആർച്ച്ബിഷപ്പിന്റെ പ്രധാന കാർമ്മികത്വത്തിൽ സെപ്റ്റമ്പർ ൩-ാം തീയതി സാഘോഷം നടന്നിരിക്കുന്നു. ഒരു കൊല്ലംമുമ്പു ലെയോപ്പോൾഡ് മഹാരാജാവിന്റെ പിതാവായ ആൽബെർട്ട് മഹാരാജാവും സ്വിററ്സർലണ്ടിൽവെച്ചു പർവ്വതാരോഹണമദ്ധ്യേ മൃതിയടഞ്ഞ സംഗതി ഈ അവസരത്തിൽ സ്മർത്തവ്യമാണ്. സ്വീഡനിലെ കാറൽ രാജാവിന്റെ പുത്രിയായ ആസ്ട്രിഡ് ൧൯൨൬-ൽ ലെയോപ്പോൾഡ് രാജാവിനെ വിവാഹം ചെയ്യുകയും ഈയടുത്ത കാലത്തു കത്തോലിക്കാസഭയിൽ ചേരുകയുംചെയ്തു.

ഇററാലിയോ അബ്സ്സീനിയൻ പ്രശ്നം സംബന്ധിച്ചു സർവ്വരാജ്യസഖ്യത്തിൽ നടന്ന ആലോചനകളുടെ ഗതി വളരെ ഉൽക്കണ്ഠാജനകമായിത്തീർന്നിരിക്കുന്നു. അബ്സ്സീനിയൻ പ്രതിനിധി ഇററലിയുടെ കുററാരോപണങ്ങൾക്കു പറഞ്ഞ മറുപടി പ്രസംഗം ദുസ്സഹമാണെന്ന ഭാവത്തിൽ ഇററാലിയൻ പ്രതിനിധി ഹാൾ വിട്ടു ഇറങ്ങിപ്പോയി. ഈ കാര്യത്തിൽ വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിനു ബ്രിട്ടൻ, ഫ്രാൻസ്, പോളണ്ടു, സ്പെയിൻ, ടർക്കി എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ ചേർന്നുള്ള ഒരു കമ്മററിയെ രൂപവൽക്കരിക്കുകയും കമ്മററിക്കാർ ഉഭയകക്ഷികളുടെയും വാദങ്ങളെ പരിശോധിച്ചു ഒരു റിപ്പോർട്ടു തയ്യാറാക്കുകയും അതു അബ്സ്സീനിയായുടെയും ഇററലിയുടെയും പ്രതിപുരുഷന്മാർക്കു അയച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. അതിനുള്ള മറുപടി ഉടനെ കിട്ടണമെന്നു കമ്മററി പ്രസിഡണ്ടു ആവശ്യപ്പെട്ടുവെങ്കിലും അവരുടെ ഗവർമ്മെണ്ടുകളുമായി ആലോചിക്കുന്നതിനു ഒരാഴ്ചത്തെ അവധി വേണമെന്നു അവർ പറകയാണുണ്ടായതു. ഈ രണ്ടു രാജ്യങ്ങളിലും യുദ്ധത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടത്തിവരുന്നു.

കഴിഞ്ഞ ജൂലൈ മാസത്തിൽ ആയിരം നവദമ്പതിമാർക്കു പരിശുദ്ധപിതാവു സന്ദർശനം അനുവദിച്ചിട്ടുണ്ടു. വത്തിക്കാൻറയിൽവേയുടെ ഉൽഘാടനാനന്തരം ൭,൭൦൦ നവദമ്പതിമാർ ജൂലൈ അവസാനംവരെ പരിശുദ്ധ പിതാവിനെ സന്ദർശിച്ചു ആശീർവാദം സ്വീകരിച്ചിട്ടുണ്ട്.

ഇംഗ്ലണ്ടിലെ സെൻറവിൻസൻറ ഡി പോൾ സൊസൈററി കഴിഞ്ഞ കൊല്ലം ൩൦,൨൯൩ പവൻ സാധുജനസംരക്ഷണത്തിനായി ചെലവാക്കിയിട്ടുണ്ടു.

തിരുവിതാംകൂറിലെ ക്രിസ്ത്യൻ ഈഴവ മുസ്ലിം സമുദായങ്ങളിൽപ്പെട്ട ഏതാനും മാന്യന്മാർ ഡയറക്ടർമാരായി ചേർന്ന 'അസോസ്യേററഡ് പബ്ലിഷിംഗ് ഹൌസ്, ക്ലിപ്തം' എന്നപേരിൽ അഞ്ചുലക്ഷം ക. മൂലധനത്തോടുകൂടി ഒരു ജോയിൻറസ്റ്റോക്കു കമ്പനി രജിസ്റ്റർ ചെയ്തിരിക്കുന്നു. കമ്പനിവകയായി ഒരു പ്രതിദിനപത്രം തുടങ്ങുന്നതിനും ആലോചനയുണ്ടു.

# കുടുംബദീപം.

മതസംബന്ധമായ കാര്യങ്ങളെപ്പററി പ്രത്യേകിച്ചും, ശാസ്ത്രം, സാഹിത്യം, വ്യവസായം, ആരോഗ്യം മുതലായവയെക്കുറിച്ചു പൊതുവിലും പ്രതിപാദിക്കുന്ന ഒരു ഉത്തമ മാസിക.

വരിസംഖ്യ ഒരു കൊല്ലത്തേക്കു മുൻകൂർ

| | |
|---|---|
| ഇന്ത്യാ, ബർമ്മ, സിലോൺ | ക. ൧—[illegible] |
| മററു രാജ്യങ്ങൾ | ക. ൧—൮—൦ |

ഒരാണ്ടത്തെ വരിസംഖ്യ അയച്ചുതരാതെ അപേക്ഷിക്കുന്ന അപരിചിതന്മാരെ മാസികയുടെ പുതിയ വരിക്കാരായി ചേർക്കുന്നതല്ല.

തുടർച്ചയായ ലേഖനങ്ങൾ മുഴുവനുംകൂടി ഒന്നായി അയച്ചുതരാത്തപക്ഷം പരിശോധിച്ചു തീർച്ചപ്പെടുത്തുവാൻ സൌകര്യപ്പെടുന്നതല്ലായ്കയാൽ എത്ര ദീർഘലേഖനങ്ങളായാലും ഒന്നായിട്ടു അയച്ചുതരേണ്ടതാണ്.

പ്രസിദ്ധീകരണത്തിനായി അയക്കുന്നവ വ്യക്തമായി കടലാസിന്റെ ഒരു വശത്തുമാത്രം എഴുതിയിരിക്കണം.

പത്രാധിപർ, കുടുംബദീപം.


---


# വി. അൽഫോൻസ് റൊഡ്റിഗസ്.

പരിഭാഷകൻ: റവ. ഫ്ളോറിയൻ ററി. ഒ. സി. ഡി.

ജീവിതവിശുദ്ധികൊണ്ടു സകലരുടെയും ശ്രദ്ധയെ സമാകർഷിച്ചുകൊണ്ടിരുന്ന ഒരു കുടുംബത്തിൽ ജനിച്ച്, ഈശ്വരവിശ്വാസവും, ഗുരുഭക്തിയും, മാതാപിതാക്കളോടുള്ള ഭക്തിബഹുമാനവാത്സല്യവും, സഹോദരസ്നേഹവും, ജീവിതവിശുദ്ധിയും കൊണ്ടു ഏററവും ഉന്നതമായ പുണ്യപദത്തിൽ എത്തിയ ഒരു തുണസഹോദരന്റെ ഈ ജീവചരിത്രം ജീവിതയോധനത്തിൽ യഥാർത്ഥവിജയത്തെ ആഗ്രഹിക്കുന്ന എല്ലാവരും വായിച്ചറിയേണ്ടതും തങ്ങളുടെ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കേണ്ടതും ആണെന്നുമാത്രമേ പറവാൻ കാണുന്നുള്ളു.

വില ൧ ണ. ൩ പൈ.

മാനേജർ, ചെറുപുഷ്പമുദ്രാലയം,

തേവര, എറണാകുളം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൧ | | കന്നി - തുലാം | | ഒക്ടോബർ ൧൯൩൬. |
|---|---|---|---|---|
| ഥവ്യ-ാം | 1 | ചൊ. | വി. | റെമിജി മെ. |
| ംദിവസ | 2 | ബു. | | കാവൽ മാലാഖമാർ. |
| ന്ദുചായി. | 3 | വ്യാ. | വി. | കൊച്ചുത്രേസ്യാ. |
| പ്രധാന | 4 | വെ. | വി. | ഫ്രൻസിസ്സ്യാ. |
| ൧൯ | 5 | ശ. | വി. | പ്ലാസിഡ് |
| ൨൦ | 6 | ഞാ. | ✠ | വി. ബ്രൂണോ. |
| ൨൧ | 7 | തി. | വി. | മക്സ്. |
| ൨൨ | 8 | ചൊ. | വി. | ബ്രിജീത്താ. |
| ൨൩ | 9 | ബു. | വി. | ഡെനീസ്. |
| ൨൪ | 10 | വ്യാ. | വി. | ഫ്രാൻസി. ബൊർജി. |
| ൨൫ | 11 | വെ. | വി. | തറാക്കൂസ്. |
| ◉ | 12 | ശ. | വി. | എവാഗ്രിയൂസ്. |
| ൨൭ | 13 | ഞാ. | ✠ | വി. എഡ്വേർഡ് രാ. |
| ൨൮ | 14 | തി. | വി. | കല്ലീസ്തൂസ് പാ. |
| ൨൯ | 15 | ചൊ. | വി. | ത്രേസ്യാ. |
| ൩൦ | 16 | ബു. | വി. | മത്തീനിയൻ. |
| ൩൧ | 17 | വ്യാ. | വി. | മറ്റ്. അലക്കോക്ക്. |
| ൧ | 18 | വെ. | വി. | ലൂക്കാ സുവി. |
| ൨ | 19 | ശ. | വി. | പത്രോസ് അൽക്കാ. |
| ൩ | 20 | ഞാ. | ✠ | വി. ജോൺ കാൻസ്യൂസ്. |
| ൪ | 21 | തി. | വി. | ഹില്ലാരിയോൻ. |
| ൫ | 22 | ചൊ. | വി. | തോമ്മാ ഹെർഫോ. |
| ൬ | 23 | ബു. | വി. | തെഒദോർ. |
| ൭ | 24 | വ്യാ. | വി. | ഫെലിക്സ്. |
| ൮ | 25 | വെ. | വി. | യോഹ. ബൂവറി. |
| ൯ | 26 | ശ. | വി. | എവരിസ്റ്റാ പാ. |
| ◉ | 27 | ഞാ. | ✠ | മ്ശിഹാ. രാജത്വം. |
| ൧൧ | 28 | തി. | വി. | ശെമ. യൂദായും. |
| ൧൨ | 29 | ചൊ. | വി. | ദൊനാത്തൂസ്. |
| ൧൩ | 30 | ബു. | വി. | സ്രാപ്പിയോൻ. |
| ൧൪ | 31 | വ്യാ. | വി. | നൊമോസിയസ്. (ഇ. വി.) |

✠ എല്ലാവക്കും കടമുള്ള ദിവസം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.